2023
OCTOBER
11
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കെ.ടി.ഡി.എഫ്.സി ലൈസൻസ് റദ്ദാക്കുമെന്ന് റിസർവ് ബാങ്ക്

**തിരുവനന്തപുരം:** കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപറേഷന്റെ ലൈസൻസ് റദ്ദു ചെയ്യുമെന്ന് റിസർവ് ബാങ്കിന്റെ മുന്നറിയിപ്പ് വന്നതോടെ നിക്ഷേപകർ ആശങ്കയിലായി. കടം സർക്കാർ ഏറ്റെടുത്തില്ലെങ്കിൽ വിശ്വാസ്യത നഷ്ടപ്പെടും. കൂട്ടത്തോടെ നിക്ഷേപം പിൻവലിക്കുന്ന സാഹചര്യമുണ്ടാകും.

സർക്കാർ ജാമ്യം നിന്നിട്ടുള്ള മറ്റ് പല വായ്പകളെയും ബാധിക്കും.വിരമിച്ച ഐ. എ.എസുകാർ അടക്കവും വലിയ കമ്പനികളും ഇവിടെ നിക്ഷേപം നടത്തിയിട്ടുണ്ട്. നിക്ഷേപത്തിന്റെ ഭൂരിഭാഗവും വായ്പയെടുത്ത കെ.എസ്.ആർ.ടി.സിയും ഗാരന്റിനിന്ന സർക്കാരും കൈമലർത്തിയതോടെയാണ് കെ.ടി.ഡി.എഫ്.സി മുങ്ങുന്നത്.പണംകിട്ടാനുള്ള 350ഓളം നിക്ഷേപകർ റിസർവ് ബാങ്കിന്റെ ഓംബുഡ്സ്മാനെ സമീപിച്ചിരുന്നു. നിക്ഷേപവും ആസ്തിയും തമ്മിൽ വലിയ അന്തരം ബോധ്യമായ റിസർവ് ബാങ്ക് പ്രവർത്തനം വിലക്കി സ്റ്റോപ് മെമ്മോ നൽകിയിരുന്നു. ലൈസൻസ് റദ്ദാക്കുന്നതിന്റെ ആദ്യപടിയാണിത്. ആശങ്കയിലായ നിക്ഷേപകർ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്.കാലാവധി കഴിഞ്ഞ നിക്ഷേപം തിരിച്ചു കൊടുക്കാൻ മാത്രം നാനൂറ് കോടി രൂപവേണം. ഇന്നലെ കൊൽക്കത്തയിലെ ലക്ഷ്മിനാഥ് ട്രേഡ് ലിങ്ക് പ്രൈവറ്റ് ലിമിറ്റഡ് ഉൾപ്പെടെയുള്ളവരുടെ ഹർജി പരിഗണനയ്ക്ക് വന്നപ്പോൾ വിശദീകരണത്തിന് മൂന്നാഴ്ചത്തെ സാവകാശം തേടുകയാണ് കെ.ടി.ഡി.എഫ്.സി ചെയ്തത്.

നിക്ഷേപകർ നിങ്ങളുടെ കടക്കാരാണെന്ന തരത്തിൽ പെരുമാറരുതെന്ന് വിമർശിച്ച കോടതി രണ്ടാഴ്ചത്തെ സാവകാശം നൽകിയിരിക്കുകയാണ്. ലക്ഷ്മി നാഥ് കമ്പനിക്ക് മുപ്പതു ലക്ഷത്തിലേറെ തിരിച്ചു കിട്ടാനുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം ഈടൊന്നുമില്ലാതെയാണ് 90 ശതമാനം വായ്പയും കെ.എസ്.ആർ.ടി.സിക്ക് നൽകിയത്.സർക്കാർ ഈ പണം നൽകണമെന്ന് കെ.ടി.ഡി.എഫ്.സി ആവശ്യപ്പെട്ടിരുന്നെങ്കിലും ധനമന്ത്രാലയം അനങ്ങിയിട്ടില്ല. നിക്ഷേപകരുടെ പണംമടക്കി നൽകാൻ മാർച്ചിൽ ധനവകുപ്പ് യോഗംവിളിച്ചു. ജൂണിൽ പണം നൽകാനുള്ള ഷെഡ്യൂളും തയ്യാറാക്കി.എന്നാൽ തുടർ നടപടി ഉണ്ടായില്ല.

## ഇന്ത്യയിലെ ഏറ്റവും സമ്പന്നൻ മുകേഷ് അംബാനി; അദാനി രണ്ടാമത്

**ന്യൂഡൽഹി:** രാജ്യത്തെ ഏറ്റവും വലിയ സമ്പന്നനായി റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി. അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയെ മറികടന്നാണ് ഹുറൂൺ 360യും വൺ വെൽത്തും സംയുക്തമായി പുറത്തിറക്കിയ ഇന്ത്യയിലെ അതിസമ്പന്നരുടെ പട്ടികയിൽ അംബാനി ഒന്നാമതെത്തിയത്. 8,08,700 കോടി രൂപയാണ് മുകേഷ് അംബാനിയുടെ ആസ്തി. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ രണ്ട് ശതമാനം വർദ്ധനയാണ് അംബാനിയുടെ സ്വത്തിൽ ഉണ്ടായത്.



രണ്ടാം സ്ഥാനത്തുള്ള ഗൗതം അദാനിക്ക് 4,74,800 കോടി രൂപയുടെ ആസ്തിയാണുള്ളത്. അദാനിയുടെ സ്വത്തിൽ 57 ശതമാനത്തിന്റെ ഇടിവുണ്ടായി. ഹിൻഡൻബർഗ് റിസർച്ച് റിപ്പോർട്ടിനെ തുടർന്ന് അദാനി ഓഹരികൾക്ക് വൻ ഇടിവ് രേഖപ്പെടുത്തിയതാണ് തിരിച്ചടിക്കുള്ള കാരണം.

എഡ്ടെക് പ്ലാറ്റ്ഫോമായ ബൈജൂസിന്റെ ബൈജു രവീന്ദ്രൻ പട്ടികയിൽ നിന്ന് പുറത്തായി.ലിസ്റ്റിലെ മറ്റ് പ്രമുഖർസെറം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്ത്യയുടെ സ്ഥാപകനായ സൈറസ് എസ്. പൂനവാല പട്ടികയിൽ മൂന്നാം സ്ഥാനത്തെത്തി. അദ്ദേഹത്തിന്റെ മൊത്തം സമ്പത്ത് 2,78,500 കോടി രൂപയാണ്. എച്ച്.സി.എല്ലിന്റെ ശിവ് നാടാർ 2,28,900 കോടി രൂപ ആസ്തിയുമായി നാലാം സ്ഥാനം നിലനിർത്തി. 1,76,500 കോടി രൂപയുമായി ഗോപിചന്ദ് ഹിന്ദുജയും കുടുംബവും അഞ്ചാം സ്ഥാനത്തും സൺ ഫാർമസ്യൂട്ടിക്കൽ ഇൻഡസ്ട്രീസിന്റെ സ്ഥാപകനായ ദിലീപ് സാംഘ്വി 1,64,300 കോടി രൂപയുമായി ആറാം സ്ഥാനത്ത് എത്തി.1,62,300 കോടി രൂപ ആസ്തിയോടെ ലക്ഷ്മി മിത്തലും കുടുംബവും (ഏഴാംസ്ഥാനം), 1,000 കോടി രൂപയിൽ കൂടുതൽ സമ്പത്തുള്ള വ്യക്തികൾ മൊത്തം 1,319 പേർ ആയി

# ഗാസ പിടിച്ചെടുത്ത് ഇസ്രയേൽ

## 1,500 ഹമാസ് തീവ്രവാദികളെ കൊലപ്പെടുത്തി

**ടെൽ അവീവ്:** ഗാസ അതിർത്തിയിൽ സമ്പൂർണ നിയന്ത്രണം പുനഃസ്ഥാപിച്ചെന്നും തങ്ങളുടെ പ്രദേശത്ത് 1,500 ഹമാസ് തീവ്രവാദികളുടെ മൃതദേഹങ്ങൾ കണ്ടെത്തിയെന്നും ഇസ്രയേൽ. 24 മണിക്കൂറിനിടെ ഹമാസ് തീവ്രവാദികൾ രാജ്യത്തേക്കു കടന്നിട്ടില്ലെന്ന് ഇസ്രയേൽ വക്താവ് റിച്ചാർഡ് ഹെക്റ്റ് പറഞ്ഞു.



3,60,000 റിസർവ് സൈനികരെ ഇസ്രയേൽ സജ്ജരാക്കിയിട്ടുണ്ട്. ഗാസയ്ക്കു നേർക്ക് കരയുദ്ധം ആരംഭിക്കുമോ എന്നതാണ് ഇനി അറിയേണ്ടത്. 2014ലാണ് ഇതിനു മുന്പ് ഇസ്രയേൽ കരയുദ്ധം നടത്തിയത്.

ഗാസയ്ക്കു സമീപമുള്ള പട്ടണങ്ങളിൽനിന്നു തങ്ങളുടെ ആയിരക്കണക്കിന് പൗരന്മാരെ ഇസ്രയേൽ ഒഴിപ്പിച്ചിട്ടുണ്ട്. ഗാസ അതിർത്തിയിൽ ടാങ്കുകളും ഡ്രോണുകളും വിന്യസിച്ചു. 40 കിലോമീറ്ററാണ് ഗാസ ഇസ്രയേലുമായി അതിർത്തി പങ്കിടുന്നത്.

## ഓഹരി സൂചികകൾ നേട്ടത്തിൽ, സെൻസെക്സ് 567 പോയിന്റ് ഉയർന്നു

മുംബയ്: പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് തിങ്കളാഴ്ച ഇടിഞ്ഞ ഇന്ത്യൻ ഓഹരി സൂചികകൾ ഇന്നലെ നേട്ടത്തിലേത്തി. സെൻസെക്സ് 566.97 പോയിന്റ് (0.87ശതമാനം) ഉയർന്ന് 66,079.36ലും നിഫ്റ്റി 177.50 പോയിന്റ് (0.91ശതമാനം) മുന്നേറി 19,689.85ലുമാണ് ക്ലോസ് ചെയ്തത്. വ്യാപാരത്തിന്റെ ഒരുഘട്ടത്തിൽ സെൻസെക്സ് 66,180 വരെയും നിഫ്റ്റി 19,717 വരെയും ഉയർന്നു. ആഭ്യന്തരതലത്തിലെ അനുകൂല ഘടകങ്ങളും അടിസ്ഥാന പലിശനിരക്ക് കൂട്ടാൻ സാദ്ധ്യത വിരളമാണെന്ന യു.എസ്. ഫെഡറൽ റിസർവിന്റെ പ്രഖ്യാപനവും ഓഹരികൾക്ക് ഗുണമായി.സെൻസെക്സിൽ ഇന്ന് 2,553 ഓഹരികൾ നേട്ടത്തിലും 1,103 ഓഹരികൾ നഷ്ടത്തിലും ആയിരുന്നു. 133 ഓഹരികളുടെ വില മാറിയില്ല. 234 ഓഹരികൾ 52ആഴ്ചത്തെ ഉയരത്തിലും 28 എണ്ണം താഴ്ചയിലുമെത്തി.

ഒട്ടുമിക്ക ഓഹരി വിഭാഗങ്ങളും മികച്ച നേട്ടം കുറിച്ചു. നിഫ്റ്റിയിൽ ഹെൽത്ത്കെയർ സൂചിക 0.15 ശതമാനം താഴ്ന്നു. ബാങ്ക് നിഫ്റ്റി 1.08 ശതമാനം ഉയർന്ന് 44,360ലെത്തി. നിഫ്റ്റി മിഡ്ക്യാപ്പ് 1.36 ശതമാനവും സ്മോൾക്യാപ്പ് 1.20 ശതമാനവും നേട്ടത്തിലാണ്.

യൂണിയൻ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഭാരതി എയർടെൽ, കോട്ടക് ബാങ്ക്, ജെ.എസ്.ഡബ്ല്യു സ്റ്റീൽ, ടാറ്റാ മോട്ടോഴ്സ്, അദാനി പോർട്ട്സ്, അദാനി എന്റർപ്രൈസസ്, ഹിൻഡാൽകോ, ഗ്രാസിം, ഇൻഫോസിസ്, മാരുതി സുസുക്കി, ഐ.ടി.സി., എച്ച്.സി.എൽ ടെക്,പ്രസ്റ്റീജ് എസ്റ്റേറ്റ്സ്, എസ്കോർട്ട്സ് കുബോട്ട, ഐ.ആർ.എഫ്.സി., ഡെൽഹിവെറി, എൻ.എം.ഡി.സി, എന്നിവ നേട്ടത്തിലെത്തി.

ടി.സി.എസ്., ഇൻഡസ്ഇൻഡ് ബാങ്ക്, സിപ്ല, ഡോ.റെഡ്ഡീസ്, ഏഷ്യൻ പെയിന്റ്സ്, ജൂബിലന്റ് ഫുഡ്‌വർക്ക്സ്, മാക്സ് ഹെൽത്ത്കെയർ, ഗുജറാത്ത് ഫ്ളൂറോകെമിക്കൽസ്, ടോറന്റ് ഫാർമ, ഓറോബിന്ദോ ഫാർമ എന്നിവ നഷ്ടത്തിലായി.



# ശ്രീമദ് നാരായണീയ മഹോൽസവം നവംബർ അഞ്ചു മുതൽ 12 വരെ എറണാകുളത്തപ്പൻ മൈതാനിയിൽ

**കൊച്ചി:** അഖില ഭാരത നാരായണീയ മഹോൽസവ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശ്രീമദ് നാരായണീയ മഹോൽസവം ശതകോടിയർച്ചന നവംബർ അഞ്ചു മുതൽ 12 വരെ എറണാകുളത്തപ്പൻ മൈതാനിയിൽ നടക്കുമെന്ന് അഖിലഭാരത നാരായണീയ മഹോൽസവ സമിതി പ്രസിഡന്റ് അഡ്വ മാങ്കോട് രാമകൃഷ്ണൻ,ജനറൽ കൺവീനർ ആർ.നാരായണപിള്ള(ബാബു) എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

41 ദിവസങ്ങളിൽ ശതകോടിനാരായണമന്ത്രം ജപിച്ച് തുളസി അർച്ചന ചെയ്യുന്ന 10008 സാധകരുടെ അർച്ചനയാണ് നാരയണീയ മഹോൽസവ ശതകോടി അർച്ചന. നവംബർ അഞ്ചിന് രാവില 10.30 ന് ചേരുന്ന സമ്മേളത്തിൽ തൃശൂർ തപോവനം നാരായണാശ്രമം ആചാര്യൻ സ്വാമി ഭൂമാനാന്ദ തീർത്ഥ മഹാരാജ് നാരായണീയ മഹോൽസവം ഉദ്ഘാടനം ചെയ്യും.

നാരായണീയ മഹോൽസവ സമിതി ചെയർമാൻ വി.എസ് രാമകൃഷ്ണൻ അധ്യക്ഷത വഹിക്കും.ചലച്ചിത്രതാരം സുരേഷ് ഗോപി മുഖ്യാതിഥിയാകും. മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, വിഎച്ച്പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി,എം മോഹനൻ, എം.ബി മുരളീധരൻ, ക്യാപ്റ്റൻ സുന്ദരം തുടങ്ങിയവർ സംസാരിക്കും.തുടർന്ന് നാരായണീയ പാരായണം, പ്രഭാഷണം,തുളസീ വിവാഹോൽസവം എന്നിവ നടക്കും.

വൈകിട്ട് 6.30 ന് സംഗീത സംവിധായകൻ ടി.എസ് രാധാകൃഷ്ണന്റെ 50 വർഷത്തെ ഗാനസപര്യയുടെ ആഘോഷം ഒരു നേരമെങ്കിലും എന്ന പ്രോഗ്രാം നടക്കും. നാരായണീയ മഹോൽസവത്തിന്റെ ഭാഗമായി ഗുരുവായൂരപ്പന്റെ സന്നിധിയിൽ നിന്നും പൂജിച്ചെടുത്ത തുളസി വിത്തുകൾ നാരായണീയ മന്ത്രത്തോടെ ജപിച്ചുവളർത്തി ഭക്തർ മഹോൽസവ വേദിയിൽ എത്തിക്കും. എട്ടു ദിവസങ്ങളിലായി ഗുരുവായൂരിലെ എട്ട് മുൻ മേൽശാന്തിമാർ ഒരോ ദിവസവും 1308 വീതം തുളസീ വിവാഹോൽസവങ്ങളിലൂടെ 10008 തുളസിക്കല്ല്യാണോൽസവവും നടത്തും.

10008 വീടുകളിൽ നിന്നും 10 വീതം തുളസിച്ചെടികൾ ലക്ഷക്കണക്കിന് വീടുകളിൽ എത്തിയ്ക്കുന്നതാണ് മഹോൽസവത്തിന്റെ മറ്റൊരു പ്രത്യേകത. സെപ്തംബർ 25 മുതൽ 10008 ജപസാധകർ നാരായണമന്ത്രത്താൽ കോടി മന്ത്രങ്ങൾ ജപിച്ചു തുടങ്ങി. 1008 വീടുകളിലും ജപദ്രവ്യങ്ങൾ എത്തിച്ചു.നാരായണ മന്ത്രജപവും ഗുരുവായൂരപ്പന്റെ സന്നിധിയിൽ നിന്നും പൂജിച്ചെടുത്ത തുളസിയുടെ വിത്തുകളും വീടുകളിൽ നട്ട് നാരായണ മന്ത്രം ജപിച്ച് തുളസിച്ചെടി വളർത്തൽ നടന്നു വരികയാണ്. 10008 നാരായണീയ സമിതികളിൽ കൂടിയാണ് ശതകോടിയർച്ചനാ യജ്ഞം നടക്കുന്നത്.




**നവംബർ അഞ്ചു മുതൽ 12 വരെ എറണാകുളത്തപ്പൻ മൈതാനിയിൽ സംഘടിപ്പിക്കുന്ന ശ്രീമദ് നാരായണീയ മഹോൽസവം ശതകോടിയർച്ചന സംബന്ധിച്ച് അഖിലഭാരത നാരായണീയ മഹോൽസവ സമിതി ജനറൽ കൺവീനർ ആർ.നാരായണപിള്ള കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു. മഹോൽസവ സമിതി കോർഡിനേറ്റർ കെ.രജികുമാർ, പ്രസിഡന്റ് അഡ്വ മാങ്കോട് രാമകൃഷ്ണൻ,വൈസ് ചെയർമാന്മാരായ എൻ.ആർ സുധാകരൻ,സോമകുമാർ എന്നിവർ സമീപം**

ദിവസവും രാവില എട്ടു മുതൽ വൈകുന്നേരം അഞ്ചു വരെ മേഖലാ നാരായണീയ സമിതികളുടെ നേതൃത്വത്തിൽ 108 നാരായണീയ ആചാര്യന്മാരും 1008 സഹആചാര്യന്മാരും പങ്കെടുക്കുന്ന സമ്പൂർണ്ണ നാരായണീയ പാരായണങ്ങളും നടത്തും. 30 ലധികം പ്രമുഖ പ്രഭാഷകർ, ശബരിമല,ഗുരുവായൂർ തന്ത്രിമുഖ്യർ,മേൽശാന്തിമാർ തുടങ്ങി 30 ആചാര്യന്മാർ നാരായണീയ മഹോൽസവ ചടങ്ങുകൾക്ക് കാർമ്മികത്വം വഹിക്കും.

25,000 സ്ക്വയർ ഫീറ്റിലാണ് പന്തൽ ഒരുക്കുന്നത്. നാരായണീയ പദ്ധതി വഴിയുള്ള നേത്രദാനം, സൗജന്യ നേത്രചികിൽസ തുടങ്ങിയവയും മഹോൽസവത്തിന്റെ ഭാഗമായി നടക്കും.

മഹോൽസവത്തിനോടനുബന്ധിച്ച് നടത്തുന്ന രഥഘോഷയാത്ര ഈ മാസം 30ന് (ഒക്ടോബർ 30 ന്) വൈപ്പിൻ മല്ലികാർജ്ജുന ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച് എറണാകുളം ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ക്ഷേത്രങ്ങളിലൂടെ സഞ്ചരിച്ച് നവംബർ നാലിന് മഹോൽസവ വേദിയിൽ എത്തിച്ചേരും.

നവംബർ അഞ്ചു മുതൽ ദിവസവും രാവിലെ 5.30 ന് ഗണപതി ഹോമം,തുടർന്ന് നാരായണീയ പാരായണം,പ്രഭാഷണം എന്നിവ ഉണ്ടായിരിക്കും.

ആറിന് വൈകിട്ട് 6. 30 ന് ശ്രീകൃഷ്ണ ചൈതന്യോൽസവം,ഏഴിന് വൈകിട്ട് 6.30 ന് കൊച്ചു കുട്ടികളുടെ ലിറ്റിൽ സ്റ്റാർ സിംഗർ പ്രോഗ്രാം,എട്ടിന് വൈകിട്ട് 6.30ന് അമൃതാനന്ദമയി മഠത്തിന്റെ അമൃതോൽസവം,ഒമ്പതിന് രാവിലെ ഒമ്പതിന് രവീന്ദ്രസംഗീതോൽസവം,10 ന് വൈകിട്ട് 6.30 ന് ആർട്ട് ഓഫ് ലിവിംഗ് സൽസംഗ്,11 ന് വൈകുന്നേരം 5 ന് നരസേവ നാരായണ സേവ പദ്ധതിയുടെ ഭാഗമായി കിടപ്പു രോഗികൾക്കുള്ള സഹായവിതരണം ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ നിർവ്വഹിക്കും.

തുടർന്ന് ഭക്തിഗാനമൃതസന്ധ്യ. 12 ന് ഉച്ചയ്ക്ക് രണ്ടിന് നൂറുകണക്കിന് ഭക്തർ അണിനിരക്കുന്ന നാരായണീയ ഗോപികാനൃത്തവും മൂന്നിന് പൈതൃകസമാദരണ സഭയും നടക്കും..5.30ന് ശബരിമല മുൻമേൽശാന്തിമാരുടെ നേതൃത്വത്തിൽ സമാപന ചടങ്ങുകൾ നടക്കും.

നാരായണീയ മഹോൽസവ സമിതി കോർഡിനേറ്റർ കെ.രജികുമാർ,വൈസ് ചെയർന്മാരായ എൻ.ആർ സുധാകരൻ,സോമകുമാർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



**ഫ്രാഗോമെൻ എജുക്കേഷനൽ സർവീസസ് ഒബ്റോ മാളിൽ ഫ്രാഗോമെൻ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സാജു ജെയിംസ്, ടി സി എസ് കേരള ഡെലിവറി സെന്റർ ഹെഡും വൈസ് പ്രസിഡന്റുമായ ദിനേഷ് പി തമ്പി, ഇവൈ ഗ്ലോബൽ ഷെയേർഡ് സർവീസസ് പാർട്ണറും ഡയറക്ടറുമായ തോമസ് സേവ്യർ എന്നിവർ ഉദ്ഘാടനം നിർവഹിക്കുന്നു**

## ഇക്കോടൂറിസം ഡയറക്ടറേറ്റ് രൂപീകരണ നടപടികൾ ത്വരിതപ്പെടുത്തും: മന്ത്രി

തിരുവനന്തപുരം: ഇക്കോടൂറിസം പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുമെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ . കുളത്തൂപ്പുഴ വനം മ്യൂസിയം ഹാളിൽ ചേർന്ന കേരള നിയമസഭയുടെ വനംപരിസ്ഥിതിവിനോദസഞ്ചാരം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ 69 ടൂറിസം കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തുന്നതിനും വിനോദസഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഡയറക്ടറേറ്റ് രൂപീകരണം സഹായകരമാകും. ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ ഇതിനോടകം നിയോഗിച്ചിട്ടുണ്ട്.

വനംവകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട ഇക്കോ ടൂറിസം പദ്ധതികളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. ഓരോ കേന്ദ്രത്തിനും അടുത്തുള്ള മറ്റു വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കുന്നതിനുള്ള നടപടികളും മാസ്റ്റർ പ്ലാനിനൊപ്പം വിഭാവനം ചെയ്തിട്ടുണ്ടെന്നും മന്ത്രി യോഗത്തിൽ അറിയിച്ചു. വനാശ്രിത സമൂഹത്തെ കൂടി ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമാക്കണമെന്ന് യോഗത്തിൽ സംസാരിച്ച പി എസ് സുപാൽ എം എൽ എ ആവശ്യപ്പെട്ടു. പട്ടികവർഗ വിഭാഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് മുന്തിയ പരിഗണന നൽകണം.

നിലവിലെ 69 ഇക്കോ ടൂറിസം കേന്ദ്രങ്ങൾക്ക് പുറമേ പുതിയ കേന്ദ്രങ്ങളെ കൂടി ഉൾപ്പെടുത്തണമെന്നും ഇടമുളയ്ക്കൽ പഞ്ചായത്തിലെ മലമേൽ ടൂറിസം അടക്കമുള്ള ഇനിയും ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത മേഖലകളിലേക്ക് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും പി എസ് സുപാൽ എം എൽ എ ആവശ്യപ്പെട്ടു.

# ഐഒസിയുടെ 141 ാമത് സെഷൻ 15മുതൽ 17 വരെ മുംബൈയിൽ

**കൊച്ചി:**ഇന്റർനാഷണൽ ഒളിമ്പിക് കമ്മറ്റി (ഐഒസി)യുടെ 141ാമത് സെഷൻ ഒക്ടോബർ 15, 16, 17 തീയതികളിൽ മുംബൈയിൽ നടക്കും. 40 വർഷങ്ങൾക്കു ശേഷമാണ് ഇന്റർനാഷണൽ ഒളിമ്പിക് കമ്മറ്റിയുടെ ആതിഥേയത്വം ഇന്ത്യ വഹിക്കുന്നത്.

സെഷനു മുന്നോടിയായി ഒക്ടോബർ 12, 13 തീയതികളിൽ ഐഒസി എക്സിക്യൂട്ടീവ് ബോർഡ് യോഗം ചേരും. ഐഒസി സെഷന്റെ ഉദ്ഘാടന ചടങ്ങ് ഒക്ടോബർ 14 ന് നടക്കും. മുംബൈയിലെ ജിയോ വേൾഡ് സെന്ററിലാണ് സെഷൻ നടക്കുന്നത്.2022 ഫെബ്രുവരിയിൽ ബെയ്ജിംഗിൽ നടന്ന 139ാമത് ഐഒസി സെഷനിലാണ് 141ാമത് ഐഒസി സെഷൻ ഇന്ത്യയിൽ നടത്താൻ തീരുമാനിച്ചത്. ഒളിമ്പിക് സ്വർണമെഡൽ ജേതാവ് അഭിനവ് ബിന്ദ്ര, ഐഒസി അംഗം നിത അംബാനി, ഐഒഎ പ്രസിഡന്റ് നരീന്ദർ ബത്ര, കായിക മന്ത്രി അനുരാഗ് താക്കൂർ എന്നിവർ ഇന്ത്യയുടെ ഹോസ്റ്റിംഗ് അവകാശങ്ങൾക്കുള്ള നിർദ്ദേശം അവതരിപ്പിച്ചത്.

75 അംഗങ്ങൾ മുംബൈയെ അനുകൂലിച്ചപ്പോൾ ഒരാൾ മാത്രം എതിർത്ത് വോട്ട് ചെയ്തതോടെയാണ് ഇന്ത്യ ബിഡ് നേടിയത്.40 വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഒളിമ്പിക്സ് മൂവ്മെന്റ് ഇന്ത്യയിൽ തിരിച്ചെത്തി. 2023ൽ മുംബൈയിൽ ഐഒസി സെഷൻ സംഘടിപ്പിക്കാനുള്ള ബഹുമതി ഇന്ത്യയെ ഏൽപ്പിച്ചതിന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയോട് നന്ദി പറയുന്നതായി നിതാ അംബാനി പറഞ്ഞു.

ഐഒസി സെഷൻ ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു വലിയ നേട്ടമാണ്, കാരണം കൃത്യം 40 വർഷം മുമ്പ് 1983 ൽ ന്യൂഡൽഹിയിൽ ഒരു തവണ മാത്രമേ ഇന്ത്യ ആതിഥേയത്വം വഹിച്ചിട്ടുള്ളൂ.

ഞങ്ങൾ ഇന്ത്യയെ തിരഞ്ഞെടുത്തു, കാരണം അത് ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ്, ധാരാളം ചെറുപ്പക്കാർ ഉള്ളതും ഒളിമ്പിക് കായികരംഗത്തിന് വലിയ സാധ്യതകളുമുണ്ടെന്ന് ഇന്ത്യക്ക് ഹോസ്റ്റിംഗ് അവകാശം നൽകിയതിനെക്കുറിച്ച് ഐഒസി അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഇന്ത്യ കൈവശം വച്ചിരിക്കുന്ന സാധ്യതകൾ ഞങ്ങൾക്കറിയാം, ഐഒസി സെഷൻ ആതിഥേയത്വം വഹിക്കുന്നതിന് ഇന്ത്യയിലെ ഞങ്ങളുടെ സഹപ്രവർത്തകരുമായി പങ്കാളിത്തത്തിൽ ഞങ്ങൾ വളരെ ആവേശഭരിതരാണ്. നിങ്ങൾക്കറിയാവുന്നതുപോലെ, ഒരു ഐഒസി സെഷൻ വളരെയധികം ശ്രദ്ധ ആകർഷിക്കുന്നു, കാരണം ഐഒസി അംഗത്വത്തിനിടയിൽ ഒളിമ്പിക് പ്രസ്ഥാനത്തിന്റെ ഭാവി, ഒളിമ്പിക് ഗെയിമുകളുടെ ഭാവി എന്നിവയുമായി ബന്ധപ്പെട്ട നിരവധി സുപ്രധാന തീരുമാനങ്ങൾ ആ ഫോറത്തിൽ നടക്കുന്നു.

ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഒരു മികച്ച അവസരമാണ്, ഞങ്ങൾ അതിൽ വളരെ ആവേശഭരിതരാണെന്ന് ഐഒസി പ്രസിഡന്റ് തോമസ് ബാച്ച് പറഞ്ഞു.



# വിവേകാനന്ദ കോളജിൽ കംപ്യൂട്ടർ ലാബ്: സഹായവുമായി മണപ്പുറം ഫൗണ്ടേഷൻ

**തൃശൂർ:** വിവേകാനന്ദ കോളജിൽ കംപ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിന് മണപ്പുറം ഫൗണ്ടേഷൻ മൂന്ന് ലക്ഷം രൂപ നൽകി. തുക വിദേശകാര്യ സഹമന്ത്രി വി. മുരളീധരനിൽ നിന്ന് കോളജ് പ്രിൻസിപ്പൽ ഡോ. എഡിസൺ കെ. വർഗീസ് സ്വീകരിച്ചു. മണപ്പുറം ഫൗണ്ടേഷന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായാണ് ഈ ധനസഹായം.

വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെ മണപ്പുറം നടത്തുന്ന നിരവധി ക്ഷേമ പ്രവർത്തനങ്ങളും ഇടപെടലുകളും ശ്ലാഘനീയമാണെന്ന് മന്ത്രി വി മുരളീധരൻ പറഞ്ഞു. ചടങ്ങിൽ മണപ്പുറം ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റി വി. പി. നന്ദകുമാർ, ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ മൾട്ടിപ്പിൾ കൗൺസിൽ ചെയർപേഴ്സൺ സുഷമ നന്ദകുമാർ, വിവേകാനന്ദ കോളേജ് കൊമേഴ്സ് വിഭാഗം മേധാവി അരുൺ എം. എസ്, മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ് ഡി. ദാസ്, മണപ്പുറം ഫിനാൻസ് ചീഫ് പിആർഒ സനോജ് ഹെർബർട്ട്, സീനിയർ പിആർഒ അഷ്റഫ് കെ എം, സിഎസ്ആർ വിഭാഗം മേധാവി ശിൽപ ട്രീസ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

# റിലയൻസ് യൂസ്റ്റായുടെ കേരളത്തിലെ ആദ്യ ഔട്ട്ലെറ്റുകൾ തുറന്നു

**കൊച്ചി:**ഇന്ത്യയിലെ ഏറ്റവും വലിയ റീട്ടെയ്ലറായ റിലയൻസ് റീട്ടെയിലിന്റെ യുവാക്കളെ കേന്ദ്രീകരിച്ചുള്ള ഫാഷൻ റീട്ടെയിൽ യൂസ്റ്റായുടെ കേരളത്തിലെ ആദ്യ ഔട്ട്ലെറ്റുകൾ തുറന്നു. പാലക്കാട്, എടപ്പാൾ, ആലത്തിയൂർ, വേങ്ങര എന്നിവിടങ്ങളിൽ ആരംഭിച്ച നാല് പുതിയ സ്റ്റോറുകൾ സംസ്ഥാനത്തുടനീളമുള്ള യുവ ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന, ട്രെൻഡി വസ്ത്രങ്ങൾ ലഭ്യമാക്കും. 2023 ഓഗസ്റ്റിൽ ഹൈദരാബാദിലെ ശരത് സിറ്റി മാളിലാണ് യൂസ്റ്റാ യുടെ ആദ്യ സ്റ്റോർ ഇന്ത്യയിൽ ആരംഭിച്ചത്.യൂസ്റ്റാ യിലെ എല്ലാ ഉൽപ്പന്നങ്ങൾക്കും 999 രൂപയിൽ താഴെയാണ് വില. ഭൂരിഭാഗം ഉൽപ്പന്നങ്ങളും 499 രൂപയിൽ താഴെ ലഭ്യമാകും. 499. യൂസ്റ്റായുടെ സ്റ്റാറിംഗ് നൗ ശേഖരത്തിൽ ട്രെൻഡി ടോപ്പുകൾ, ബോട്ടം, യൂണിസെക്സ്, ഉൽപ്പന്നങ്ങൾ,




പ്രതിവാര പുതിയ ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ഒരു വലിയനിര അവതരിപ്പിക്കുന്നുവെന്ന് റിലയൻസ് അധികൃതർ വ്യക്തമാക്കി.

പുതുമകളോടും ഉപഭോക്തൃ കേന്ദ്രീകൃത അനുഭവങ്ങളോടുമുള്ള യൂസ്റ്റാ യുടെ പ്രതിബദ്ധതയ്ക്ക് അനുസൃതമായി, വേഗത്തിലുള്ള ഇടപാടുകൾക്കുള്ള സെൽഫ് ചെക്കൗട്ട് കൗണ്ടറുകൾ, ക്യുആർ കോഡ് സ്ക്രീനുകൾ, സൗകര്യപ്രദമായ ചാർജിംഗ് സ്റ്റേഷനുകൾ എന്നിവയുൾപ്പെടെ വിവിധ സാങ്കേതികവിദ്യകൾ സ്റ്റോറുകളിൽ അവതരിപ്പിക്കും.ഇതിനുപുറമെ യൂസ്റ്റാ ഒരു നോൺ പ്രോഫിറ്റ് ഓർഗനൈസേഷനുമായി സഹകരിച്ചു, പഴയ വസ്ത്രങ്ങൾ സംഭാവന ചെയ്യാൻ ഉപഭോക്താക്കൾക്ക് അവസരമൊരുക്കുന്നുണ്ട്. ഈ സംരംഭം പ്രായോഗികവും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ ഉപയോഗിക്കാവുന്ന വസ്ത്രങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.പാലക്കാട് കോളേജ് റോഡ്, എടപ്പാളിലെ ഫോറം സെന്റർ, ആലത്തിയൂരിലെ പൊന്നാനി തിരൂർ റോഡ്, പരപ്പനങ്ങാടി റോഡിലെ വളപ്പിൽ കോംപ്ലക്സ്, വേങ്ങര എന്നിവിടങ്ങളിലാണ് യൂസ്റ്റാ ഫാഷൻ ശ്രേണി ഇപ്പോൾ ലഭ്യമാവുന്നത്. ഉപഭോക്താക്കൾക്ക് എജിയോ വഴി ഓൺലൈനായും ജിയോമാർട്ട് വഴിയും യൂസ്റ്റാ ശ്രേണി അടുത്തറിയാൻ കഴിയുമെന്നും റിലയൻസ് അധികൃതർ വ്യക്തമാക്കി.

# കാർബൂട്ട് വിൽപ്പന കേരളത്തിലേയ്ക്കും; കൊച്ചിയിൽ നവംബർ 3 മുതൽ 5 വരെ

**കൊച്ചി:** രാജ്യാന്തര തലത്തിൽ ഏറെ പ്രചാരമുള്ള കാർബൂട്ട് വിൽപന ഇനി കൊച്ചിയിലും. കൊച്ചി കോർപ്പറഷനും ജിസിഡിഎയുമായി സഹകരിച്ച് കൊച്ചിയിൽ നിന്നുള്ള സ്റ്റാർട്അപ് ഡയഗൺ വെഞ്ചേഴ്സിന്റേതാണ് ഉദ്യമം.

കേരളത്തിലെ ഏറ്റവും വലിയ വ്യാവസായിക എക്സിബിഷനുകൾക്ക് വേദിയാകുന്ന ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയം എക്സിബിഷൻ ഗ്രൗണ്ടിൽ നവംബർ 3 മുതൽ 5 വരെയാണ് കാർബൂട്ട് വിൽപന സംഘടിപ്പിക്കുന്നതെന്ന് ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, ഡയഗൺ വെഞ്ചേഴ്സ് എംഡി ഫിലിപ്പ് പുളിക്കാവിൽ എന്നിവർ ചേർന്ന് പ്രഖ്യാപിച്ചു. പ്രഖ്യാപനച്ചടങ്ങിൽ ഹൈബി ഈഡൻ എംപി, കൊച്ചി മെട്രോ എംഡി ലോക്നാഥ് ബെഹ്റ, കോർപ്പറേഷൻ കൗൺസിലർ ദീപ്തി മേരി വർഗീസ് തുടങ്ങിയവർ പങ്കെടുത്തു. സിനിമാതാരം അനൂപ് മേനോനും സിനിമാനടി ഗൗരി നന്ദയും ചേർന്ന് കാർബൂട്ട് സെയിൽ ലോഗോ പ്രകാശനം ചെയ്തു.

പ്രഖ്യാപനത്തിന്റെ ഭാഗമായി പതിനൊന്ന് കാറുകൾ പങ്കെടുത്ത ഡെമോൺസ്ട്രേഷനും നടന്നു. കാർബൂട്ട് സെയിലിന്റെ പ്രചരണാർത്ഥം സെന്റ് ആൽബർട്സ് കോളേജ് റീടെയിൽ മാനേജ്മെന്റ് വിഭാഗത്തിലെ 17 വിദ്യാർത്ഥികൾ ഫ്ളാഷ് മോബും അവതരിപ്പിച്ചു. നവംബറിലെ ആദ്യ കാർബൂട്ട് വിൽപ്പനയിൽ




500 കാറുകൾ അവയുടെ ബൂട്ടിൽ വിൽപ്പനയ്ക്കുള്ള വിവിധ സാധനങ്ങളുമായി എത്തുമെന്നാണ് പ്രതീക്ഷയെന്ന് ഫിലിപ്പ് പുളിക്കാവിൽ പറഞ്ഞു. വിൽപ്പനയിൽ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പങ്കെടുത്ത് വിൽപ്പന നടത്താം.നവംബർ 3 മുതൽ 5 വരെ രാവിലെ 9 മുതൽ രാത്രി 11 വരെയാണ് കാർബൂട്ട് വിപണി സജീവമാലുക. പരീക്ഷണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനാൽ വിൽപനയിൽ സൗജന്യമായി പങ്കെടുക്കാം. താൽപര്യമുള്ളവർ മുൻകൂട്ടി രജിസ്റ്റർ ചെയ്തിരിക്കണം. ലക്ഷങ്ങൾ വാടക നൽകി എക്സിബിഷനുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് കാർബൂട്ട് വിൽപന സുവർണാവസരമാണ് നൽകുന്നതെന്ന് ഡയഗൺ കാർട്ട് മാനേജിങ് ഡയറക്ടർ ഫിലിപ്പ് പുളിക്കാവിൽ പറഞ്ഞു. വിൽക്കാൻ ഒരു ഉൽപന്നമുണ്ടെങ്കിൽ ഒരു വാഹനം കൂടിയുണ്ടെങ്കിൽ ഉൽപന്നം നേരിട്ടു ആവശ്യക്കാരിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നതാണ് കാർബൂട്ട് വിൽപന.

അഞ്ഞൂറിൽ പരം വിൽപനക്കാരും ഒരു ലക്ഷത്തിൽ പരം ഉപഭോക്താക്കളും പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഫിലിപ്പ് പുളിക്കാവിൽ പറഞ്ഞു.ചെറുകിട വ്യാവസായിക ഉൽപാദകർ മുതൽ വഴിയോരക്കച്ചവടക്കാർക്കു വരെ നിയമപരമായി അവരുടെ ഉൽപന്നങ്ങൾ തുച്ഛമായ മുടക്കുമുതലിൽ വിൽപനയ്ക്കു വയ്ക്കാൻ അവസരം ഒരുക്കുകയാണ് കാർബൂട്ട് വിൽപനയിലൂടെ ലക്ഷ്യമിടുന്നത്. ജിസിഡിഎ ചെയർമാൻ കെ. ചന്ദ്രൻ പിള്ള പറഞ്ഞു.സ്റ്റേഡിയത്തെ കൂടുതൽ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുകയും വരുമാനം വർധിപ്പിക്കുകയും ലക്ഷ്യമിട്ട് നടപ്പാക്കുന്നതാണ് പദ്ധതി. ചെറുകിട, വഴിയോര കച്ചവടക്കാരെ സഹായിക്കുക ലക്ഷ്യമിട്ടു നടത്തുന്ന പദ്ധതിയുടെ പരീക്ഷണ വിൽപന വിജയകരമാകുന്ന സാഹചര്യത്തിൽ ഇതു തുടരുന്നു നടപ്പാക്കുന്നത് പരിഗണിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## മിഡാസിന്റെ ലക്ഷ്മൺ രേഖ കീടനാശിനി സ്പ്രേ വിപണിയിൽ




**കൊച്ചി:** മിഡാസ് ഹൈജീൻ പ്രാണികളെ അകറ്റുന്ന ലക്ഷ്മൺ രേഖ എന്ന സ്പ്രേ വിപണിയിൽ അവതരിപ്പിച്ചു. രോഗമുണ്ടാക്കുന്ന ഈച്ചകൾ, കൊതുകുകൾ, പാറ്റകൾ, മൂട്ടകൾ എന്നിവയെ ഇല്ലായ്മ ചെയ്യുവാനും ചിലന്തികൾ, ഉറുമ്പ്, പല്ലികൾ എന്നിവയെ തുരത്താനും ഈ ഉൽപ്പന്നം ഫലപ്രദമാണെന്ന് മിഡാസ് ഹൈജീൻ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പ്രണയ് കപൂർ പറഞ്ഞു.

ആയുഷിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലക്ഷ്മൺ രേഖ, 250/ രൂപ വിലയുള്ള 250 മില്ലി പാക്കിൽ ഇപ്പോൾ ഇന്ത്യൻ വിപണിയിൽ ലഭ്യമാണ്.വർഷങ്ങളുടെ ഗവേഷണത്തിന്റെ ഫലമായ ലക്ഷ്മൺ രേഖ അവതരിപ്പിക്കുന്നതിൽ തങ്ങൾ അഭിമാനിക്കുന്നുവെന്നും പ്രണയ് കപൂർ പറഞ്ഞു.ഇതൊരു വഴിത്തിരിവായ പ്രകൃതിദത്ത പരിഹാരമാണ്, കൂടാതെ 100% സുരക്ഷയും നൽകുന്നു.

പ്രാണികളെ അകറ്റുന്ന ഹെർബൽ മരുന്നിന് സവിശേഷമായ ഒരു ഫോർമുലയുണ്ട്, ഇത് പ്രകൃതിദത്ത ചേരുവകളുടെ ശക്തിയെ ഉപയോഗപ്പെടുത്തുന്നു. വിഷം ഉപയോഗിക്കാതെ, പരിസ്ഥിതി സൗഹൃദമായ രീതിയിൽ പ്രാണികളെ തുരത്തുക എന്നത് ഒരു വെല്ലുവിളിയാണ്. ലക്ഷ്മൺ രേഖയിലൂടെ ഞങ്ങൾ ഈ വെല്ലുവിളിയെ അതിജീവിച്ചതായിതാൻ കരുതുന്നുവെന്നും പ്രണയ് കപൂർ പറഞ്ഞു.

## ചെസ്സ് ഇൻ സ്കൂൾ ജില്ലാ ചാമ്പ്യൻഷിപ്പ് യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജിൽ

**ഇരിങ്ങാലക്കുട:** ചെസ്സ് രംഗത്തെ പ്രതിഭകളെ കണ്ടെത്താൻ വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളജിന്റെ അഭിമുഖ്യത്തിൽ തൃശൂർ ജില്ലാ ചെസ്സ് അസോസിയേഷന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ചെസ്സ് ഇൻ സ്കൂൾ ജില്ലാ ചാമ്പ്യൻഷിപ്പ് ഒക്ടോബർ 27, 28 തീയതികളിൽ കോളേജിൽ നടക്കും.

6 വയസു മുതൽ 16 വയസ്സ് വരെയുള്ള കുട്ടികളുടെ വിഭാഗങ്ങളിലായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കും. ഒക്ടോബർ 28നു സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിലെ ടീം ചാമ്പ്യൻഷിപ്പുകൾ നടക്കും. തെരെഞ്ഞെടുക്കപ്പെടുന്ന ടീമുകൾ 2023 നവംബർ 11ന് എറണാകുളത്തു നടക്കുന്ന സംസ്ഥാനതല ചെസ്സ് ഇൻ സ്കൂൾ മത്സരത്തിൽ തൃശൂർ ജില്ലയെ പ്രതിനിധീകരിക്കും. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നായി നാനൂറോളം മത്സരാർഥികൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുമെന്ന് സംഘടക സമിതിക്ക് വേണ്ടി കോളേജ് പ്രിൻസിപ്പാൾ ഡോ. ജോസ് കെ ജേക്കബ്, തൃശൂർ ജില്ലാ ചെസ്സ് ഫെഡറേഷൻ ഭാരവാഹിയായ ഐ. എ പീറ്റർ ജോസഫ്, കോളേജ് ഡീൻ ഡോ. ജോബിൻ എം. വി, കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ആർ വിഷ്ണു രാജ് എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 93877 26873 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഇന്ത്യയിലെ ആദ്യ നമ്പർലെസ് ക്രെഡിറ്റ് കാർഡ് അവതരിപ്പിക്കാൻ ആക്സിസ് ബാങ്ക്

**കൊച്ചി:** സാങ്കേതികവിദ്യാ തൽപരരായ യുവതലമുറയെ ലക്ഷ്യമിട്ടുള്ള നമ്പർ രഹിത ക്രെഡിറ്റ് കാർഡ് അവതരിപ്പിക്കാനായി ആക്സിസ് ബാങ്കും ഫിൻടെക് സ്ഥാപനമായ ഫൈബും സഹകരിക്കും. കാർഡ് നമ്പർ ഇല്ലാത്തതിനാൽ ഉപഭോക്താക്കൾക്ക് അധിക സുരക്ഷ ലഭിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത.

കാർഡ് നമ്പർ, കാലാവധി തീയ്യതി, സിവിവി എന്നിവ കാർഡിൽ പ്രിന്റു ചെയ്യില്ല. ഐഡന്റിറ്റി മോഷണവും കാർഡിന്റെ അനധികൃത ഉപയോഗവും പോലുള്ള അപകട സാധ്യതകൾ കുറക്കാനും സുരക്ഷയും സ്വകാര്യതയും ലഭ്യമാക്കാനും ഇതു വഴിയൊരുക്കും. റുപെ അധിഷ്ഠിതമായ ഈ കാർഡ് യുപിഐ ക്രെഡിറ്റ് കാർഡ് പെയ്മെന്റുകളും ലഭ്യമാക്കും.ഉപയോക്താക്കൾക്ക് സുരക്ഷിതമായ സംവിധാനങ്ങൾ ലഭ്യമാക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് ഈ പങ്കാളിത്തെ കുറിച്ചു സംസാരിക്കവെ ഫൈബ് സഹസ്ഥാപകനും സിഇഒയുമായ അക്ഷയ് മെഹ്രോത്ര പറഞ്ഞു. വിപണിയിൽ വിപ്ലവം സൃഷ്ടിക്കുന്ന നീക്കത്തിനായി ഫൈബുമായി സഹകരിക്കുന്നതിൽ തങ്ങൾക്ക് ആഹ്ലാദമുണ്ടെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആന്റ് പെയ്മെന്റ് വിഭാഗം മേധാവിയും പ്രസിഡന്റുമായ സഞ്ജീവ് മോഘെ പറഞ്ഞു.

# ഹോണ്ട ഹൈനസ് സിബി350 ലെഗസി, സിബി 350 ആർഎസ് ന്യൂ ഹ്യൂ എഡിഷനുകൾ പുറത്തിറക്കി



**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഹൈനസ് സിബി350 ലെഗസി, സിബി 350ആർഎസ് എന്നിവയുടെ പുതിയ പതിപ്പുകൾ പുറത്തിറക്കി. ഓൾഎൽഇഡി ലൈറ്റിംഗ് സിസ്റ്റം (റൗണ്ട് എൽഇഡി ഹെഡ്ലാമ്പ്, എൽഇഡി വിംഗേഴ്സ്, എൽഇഡി ടെയിൽ ലാമ്പ്) രണ്ട് റെട്രോ മോട്ടോർസൈക്കിളുകളുടെയും സ്റ്റൈലിംഗ് ഘടകത്തെ കൂടുതൽ ആകർഷകമാക്കും.

പുതിയ പേൾ സൈറൻ ബ്ലൂ കളർ വേരിയന്റിലാണ് ഹൈനസ് സിബി 350 ലെഗസി പതിപ്പ് വരുന്നത്. 1970കളിലെ പ്രശസ്തമായ സിബി350ൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഇന്ധന ടാങ്കിൽ പുതിയ ബോഡി ഗ്രാഫിക്സും ലെഗസി എഡിഷൻ ബാഡ്ജും ചേർത്തിട്ടുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറും സിഇഒയും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു. സിബി350ആർഎസ് ന്യൂ ഹ്യൂ എഡിഷൻ സ്പോർട്സ് റെഡ്, അത്ലറ്റിക് ബ്ലൂ മെറ്റാലിക് നിറങ്ങളിലാണ് വരുന്നത്. ഹോണ്ട സ്മാർട്ട് ഫോൺ വോയ്സ് കൺട്രോൾ സിസ്റ്റവുമായി യോജിപ്പിച്ച നൂതന ഡിജിറ്റൽ അനലോഗ് ഇൻസ്ട്രുമെന്റ് ക്ലസ്റ്ററിന് പുറമെ, ഒരു അസിസ്റ്റ് സ്ലിപ്പർ ക്ലച്ചും, ഹോണ്ട സെലക്ടബിൾ ടോർക്ക് കൺട്രോൾ (എച്ച്എസ്ടിസി) സംവിധാനവും രണ്ടു മോഡലുകളിലും സജ്ജീകരിച്ചിട്ടുണ്ട്.

348.36സിസി, എയർ കൂൾഡ്, 4സ്ട്രോക്ക്, സിംഗിൾ സിലിണ്ടർ ബിഎസ്6 ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന പിജിഎംഎഫ്ഐ എഞ്ചിൻ ആണ് ഹൈനസ് സിബി 350, സിബി350ആർഎസ് എന്നിവയുടെ കരുത്ത്.

പ്രത്യേക 10 വർഷത്തെ വാറന്റി പാക്കേജും (3 വർഷത്തെ സ്റ്റാൻഡേർഡ് + 7 വർഷം ഓപ്ഷണൽ) ഇരു മോഡലുകൾക്കും ഹോണ്ട നൽകുന്നു. ഹൈനസ് സിബി 350 ലെഗസി പതിപ്പിന് 2,16,356 രൂപയും, സിബി 350ആർഎസ് ന്യൂ ഹ്യൂ എഡിഷന് 2,19,357 രൂപയുമാണ് ഡൽഹി എക്സ് ഷോറൂം വില.

ഉത്സവ സീസണിന് മുന്നോടിയായി പുതിയ ഹൈനസ് സിബി 350 ലെഗസി എഡിഷനും സിബി350ആർഎസ് ന്യൂ ഹ്യൂ എഡിഷനും ഇന്ത്യയിൽ അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നുംസുത്സുമു ഒട്ടാനി പറഞ്ഞു.

ഈ പുതിയ മോട്ടോർ സൈക്കിളുകൾ യുവ റൈഡർമാരെ മികച്ച പ്രകടനത്തിൻറെയും സാങ്കേതികവിദ്യയുടെയും സമാനതകളില്ലാത്ത വിശ്വാസ്യതയുടെയും സിബി ലോകത്തേക്ക് നയിക്കുമെന്ന് ഹോണ്ട മോട്ടോർ സൈക്കിൾ & സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

# കൊട്ടക് മ്യൂച്ചൽ ഫണ്ട്, സിബിഎസ്ഇ സഹകരണത്തോടെ നിക്ഷേപക വിദ്യാഭ്യാസ, ബോധവത്കരണം

**കൊച്ചി:** കൊട്ടക് മ്യൂച്ചൽ ഫണ്ട്, സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷ(സിബിഎസ്ഇ)ന്റെ പങ്കാളിത്തത്തോടെ കൊച്ചിയിൽ നിക്ഷേപക വിദ്യാഭ്യാസ, ബോധവത്കരണ പരിപാടി സീഖോ പൈസോ കി ഭാഷ സംഘടിപ്പിച്ചു. സാമ്പത്തിക സാക്ഷരതയ്ക്ക് വഴിയൊരുക്കാൻ നിക്ഷേപക വിദ്യാഭ്യാസവും വിവിധ ബോധവൽക്കരണ പരിപാടികളും ഉൾപ്പെടുത്തിയ വിപുലമായ സംരംഭമാണ് സീഖോ പൈസോ കി ഭാഷ.

കൊച്ചിയിലെ 600ലേറെയും സംസ്ഥാനത്തെയാകെ 4200ലേറെയും വരുന്ന സിബിഎസ്ഇ അധ്യാപകർക്കു സീഖോ പൈസോ കി ഭാഷ സംരംഭത്തിലൂടെ സാമ്പത്തിക സാക്ഷരതയിൽ വിദ്യാഭ്യാസം നൽകി അവബോധം സൃഷ്ടിക്കും. അധ്യാപകരിൽ 50% സ്ത്രീകളായിരിക്കുമെന്നതിനാൽ സംരംഭം തുല്യവളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുകയും ഉറപ്പാക്കുകയും ചെയ്യുന്നതാകും.സംരംഭത്തിന്റെ ഗുണനിലവാരവും പ്രസക്തിയും ഉറപ്പാക്കിക്കൊണ്ട് ഫോർ ഇൻവെസ്റ്റ്മെന്റ് എജ്യുക്കേഷൻ ആൻഡ് ലേണിംഗിൽ (ഇകളഘ) നിന്നുള്ള 500ലേറെ വിദഗ്ധ പരിശീലകരെയാണ് കൊട്ടക് മ്യൂചൽ ഫണ്ട് സീഖോ പൈസോ കി ഭാഷയിൽ നിയോഗിച്ചിരിക്കുന്നത്. കൊട്ടക് മ്യൂചൽ ഫണ്ടും സിബിഎസ്ഇയും ചേർന്നൊരുക്കിയ പരിപാടിയിൽ നിന്ന് ലഭിച്ച അറിവും വൈദഗ്ധ്യവും സാമ്പത്തികയാത്ര ആരംഭിക്കാൻ പ്രാപ്തിയും ആവേശവും നൽകിയതായി മാരെല്ലോ പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ഫാ. ജോസഫ് അനൂജ് ഒഎസ്ജെ പറഞ്ഞു. സാമ്പത്തിക ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനും വ്യക്തികൾക്കും കുടുംബങ്ങൾക്കും സുരക്ഷിത ഭാവി കെട്ടിപ്പടുക്കാനും കഴിയുമെന്ന് ഇപ്പോൾ കൂടുതൽ ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സീഖോ പൈസോ കി ഭാഷ പരിപാടിയിലൂടെ, സാമ്പത്തിക ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണെന്ന് കൊട്ടക് മ്യൂചൽ ഫണ്ട് ഡിജിറ്റൽ ബിസിനസ്, മാർക്കറ്റിങ് ആൻഡ് അനലിറ്റിക്സ് മേധാവി കിഞ്ചൽ ഷാ പറഞ്ഞു. രാഷ്ട്ര രൂപീകരണത്തിലും പുതുതലമുറയെ വാർത്തെടുക്കുന്നതിലും അധ്യാപകർക്കു നിർണായക പങ്കുണ്ടെന്ന് ഉറച്ച വിശ്വസിക്കുന്നു.

സാമ്പത്തിക സാക്ഷരതയെയും നിക്ഷേപത്തെയും കുറിച്ച് അധ്യാപകരെ ബോധവൽക്കരിക്കുകയും അവബോധം സൃഷ്ടിക്കുകയുമാണ് സിബിഎസ്ഇയുമായുള്ള പങ്കാളിത്തത്തിലൂടെ ഉദ്ദേശിക്കുന്നത്. സാമ്പത്തിക അവബോധമുള്ള അധ്യാപകർ പൊതു സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്താൻ സഹായിക്കുന്ന അവസ്ഥ രൂപപ്പെടുത്താൻ സംരംഭത്തിലൂടെ കഴിയുമെന്നും കിഞ്ചൽ ഷാ പറഞ്ഞു.

# അഞ്ച് കോടിയ്ക്ക് മുകളിൽ നിക്ഷേപം നടത്തുന്നവർക്ക് വ്യക്തിഗത പരിഗണന നൽകാൻ വ്യവസായ വകുപ്പ്



**കൊച്ചി:** അഞ്ച് കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം നടത്താഗ്രഹിക്കുന്ന സംരംഭകർക്ക് വ്യക്തിഗതമായി ജില്ലാ തലത്തിൽ പ്രത്യേക പരിഗണന നൽകുമെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. ഇവരുടെ സഹായത്തിനായി വിവിധ വകുപ്പുകളുടെ ഏകോപന സമിതി എല്ലാ മാസവും ജില്ലാതലത്തിൽ യോഗം ചേർന്ന് ആവശ്യമായ സഹായങ്ങൾ നൽകുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന വ്യവസായവകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഒൺട്രപ്രണർഷിപ്പ് ഡെവലപ്മൻറ്(കെഐഇഡി) നടത്തുന്ന സമഗ്ര സംരംഭകത്വ പരിശീലന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം കളമശേരിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളുടെ അടച്ചുപൂട്ടൽ നിരക്ക് ദേശീയശരാശരിയേക്കാൾ താഴെയാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. വ്യവസായങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി മാത്രം എല്ലാ വകുപ്പുകളും ഒത്തു ചേരുന്ന ഏകോപനസമിതി സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ അഞ്ച് കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം നടത്തുന്നവർക്ക് വ്യക്തിഗത പരിഗണന നൽകാൻ ജില്ലാതലത്തിൽ പ്രത്യേകം ഏകോപനസമിതി രൂപീകരിക്കും. ഈ സമിതിയിൽ വിവിധ വകുപ്പ് പ്രതിനിധികൾ, ലീഡ് ബാങ്ക് പ്രതിനിധി, കെഐഇഡി പ്രതിനിധി എന്നിവരുണ്ടാകും.സംരംഭകത്വ വർഷത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ ബാങ്കുകളുടെ മേധാവികളുമായി വ്യവസായ വകുപ്പ് യോഗം വിളിച്ചു ചേർത്തിരുന്നു. എന്നാൽ ഇപ്പോഴും ചെറുകിട വ്യവസായ സംരംഭകർ മൂലധന സ്വരൂപണത്തിനായി പ്രാദേശിക സാമ്പത്തിക സ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്. ഈ സ്ഥിതി മാറാൻ ബാങ്കുകളുടെ സമീപനത്തിൽ മാറ്റം വരുത്തണമെന്ന് അദ്ദേഹം പറഞ്ഞു.35 സ്വകാര്യ വ്യവസായ പാർക്കുകൾ ഈ വർഷം തന്നെ തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനകം പത്തെണ്ണം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ ക്യാമ്പസ് വ്യവസായ പാർക്ക്, സഹകരണ വ്യവസായ പാർക്ക് എന്നിവയും ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ സംരംഭകൻറെയും ആദ്യ സമ്പർക്ക കേന്ദ്രം കെഐഇഡി ആയി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞുവെന്ന് കെഐഇഡി സിഇഒ ബെനഡിക്ട് വില്യം ജോൺസ് സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. സാങ്കേതിക സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പരിചയസമ്പന്നരായ വ്യക്തികളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താനുള്ള പരിശ്രമങ്ങളും നടന്നു വരികയാണെന്നും അദ്ദേഹം പറഞ്ഞു. കെഐഇഡിൻറെ വിവിധ പരിപാടികളിൽ പങ്കെടുത്ത സംരംഭകരുടെ ഉത്പന്ന പ്രദർശനം, സുസ്ഥിര സംരംഭകത്വം, എംഎസ്എംഇ സംരംഭകർക്കുള്ള ഡിജിറ്റലൈസേഷൻ, ജെം, ഒഎൻഡിസി തുടങ്ങിയ വിഷയങ്ങളിൽ ഉപദേഷ്ടാക്കളും, വിദഗ്ധരുമായും സംവദിക്കാനുള്ള അവസരവും പരിപാടിയോടനുബന്ധിച്ച് ഒരുക്കിയിരുന്നു.നാല് പരിശീലന പരിപാടികളാണ് കെഐഇഡി പുതുതായി ആരംഭിച്ചത്. പരിശീലന പരിപാടിയിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർ മുതൽ നിലവിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് വരെ ഇതിൽ പങ്കെടുക്കാം. വളർന്നു വരുന്ന സംരംഭകർക്കായി പ്രത്യേകം തയ്യാറാക്കിയ അഞ്ച് ദിവസം നീളുന്ന ലോഞ്ച് പാഡ് പരിപാടിയിൽ സംരംഭം ഫലപ്രദമായി മുന്നോട്ടു കൊണ്ടു പോകാനുള്ള വിദഗ്ധോപദേശം, പരിശീലനകളരികൾ, വിജ്ഞാനയാത്രകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭം തുടങ്ങുന്നതിനുള്ള സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും ഈ പരിപാടിയിലൂടെ അവബോധം നൽകുന്നു.നിലവിൽ സംരംഭം നടത്തുന്നവർക്കായുള്ള അഞ്ച് ദിവസത്തെ പരിശീലന പരിപാടിയാണ് ഗ്രോത്ത് പ്ലസ്. സ്വന്തം സംരംഭത്തിൻറെ ഇനിയും ഉപയോഗിക്കാത്ത സാധ്യതകളെ കണ്ടെത്തുക, വിദഗ്ധരുടെ ഉപദേശത്തോടെ വ്യക്തിഗതമായ മാർഗനിർദ്ദേശം നൽകുക, പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.അത്യാധുനിക സാങ്കേതികവിദ്യയുമായി സ്വന്തം ബിസിനസ് സമന്വയിപ്പിക്കാനാഗ്രഹിക്കുന്നവർക്ക് അനുയോജ്യമാണ് ടെക് ഹൊറൈസൺസ് എന്ന ത്രിദിന പരിപാടി. പുത്തൻ സാങ്കേതികവിദ്യകളെ പരിചയപ്പെടുത്തുന്നതിനോടൊപ്പം അവ സ്വന്തം സ്ഥാപനത്തിൽ ഏർപ്പെടുത്തുന്നതിനുള്ള സഹകരണവും ഇതിലൂടെ നൽകുന്നു.

വിപണി സാന്നിദ്ധ്യം വർധിപ്പിക്കാനും മികച്ച പരസ്യതന്ത്രങ്ങൾ അവലംബിക്കാനും സംരംഭകരെ പ്രാപ്തരാക്കുന്ന ത്രിദിന പരിശീലനപരിപാടിയാണ് മാർക്കറ്റ് മിസ്ട്രി. ഉപഭോക്തൃ സേവനം, ആശയവിനിമയ പ്രാവീണ്യം എന്നിവ ഇതിൽ ഉൾപ്പെടുന്നു.കളമശേരി നഗരസഭാധ്യക്ഷ സീമാ കണ്ണൻ ആധ്യക്ഷം വഹിച്ച ചടങ്ങിൽ മുൻസിപ്പൽ കൗൺസിലർ, കെഎസ്എസ്ഐഎ ജോയിൻറ് സെക്രട്ടറി ബി ജയകൃഷ്ണൻ, വ്യവസായ വാണിജ്യവകുപ്പ് അഡി. ഡയറക്ടർ ഡോ. കെ എസ് കൃപകുമാർ, ടൈ കേരള മുൻപ്രസിഡൻറ് അനീഷ ചെറിയാൻ, ഇഡിഐഐ ഫാക്കൽറ്റി ശിവൻ അമ്പാട്ട്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരായദിനേശ് ആർ, സജി എസ് (പാലക്കാട്), പി എൻ അനിൽകുമാർ (പത്തനംതിട്ട) ജോയിൻറ് ഡയറക്ടർ രാകേഷ് ആർ തുടങ്ങിയവർ പങ്കെടുത്തു.



## ഐഐഎം സമ്പൽപൂർ പ്രൊഫഷണലുകൾക്കായുള്ള ആദ്യ എംബിഎ ബാച്ചിനു തുടക്കം കുറിച്ചു

**കൊച്ചി:** ഐഐഎം സമ്പൽപൂർ ഡൽഹി കാമ്പസിൽ ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കായുള്ള ആദ്യ എംബിഎ ബാച്ചിനു തുടക്കം കുറിച്ചു.

ഡാറ്റാ സയൻസ്, പ്രൊഡക്ട് മാനേജ്മെന്റ്, സ്റ്റാർട്ട് അപ്, ഫങ്ഷണൽ ഡൊമൈൻ തുടങ്ങിയവയിൽ സ്പെഷലൈസേഷൻ നൽകുന്നതാണ് ഈ കോഴ്സ്. ദേശീയ വിദ്യാഭ്യാസ നയത്തിലെ ക്രെഡിറ്റ് സംവിധാനം വിദ്യാർത്ഥികൾക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള സ്ഥാപനങ്ങളിൽ ചേരാൻ സൗകര്യമൊരുക്കുമെന്ന് കോഴ്സിന്റെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങിൽ അസോസ്സിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ജോയിന്റ് സെക്രട്ടറി ഡോ. അലോക് കുമാർ മിശ്ര പറഞ്ഞു.

ഗൂഗിൾ ക്ലൗഡ് കൺസൾട്ടിങ് ലീഡ് കൺസൾട്ടന്റ് ശതാനിക് ഗോസാമി മുഖ്യ പ്രഭാഷകനായിരുന്നു.

ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹാദിയോ ജയാസ്വാൾ സംബന്ധിച്ചു.

## ഹെവി എക്യൂപ്മെന്റ് വായ്പ: മണപ്പുറം ഫിനാൻസും ജെസിബി ഇന്ത്യയും ധാരണയിൽ




**കൊച്ചി :** നിർമാണ മേഖലയിൽ ഉപയോഗിക്കുന്ന ഹെവി ഉപകരണങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് മണപ്പുറം ഫിനാൻസ് ഇന്ത്യ ലിമിറ്റഡും ജെസിബി ഇന്ത്യയും ധാരണയിലെത്തി. ഇതു സംബന്ധിച്ച കരാറിൽ മണപ്പുറം ഫിനാൻസ് വെഹിക്കിൾ ആന്റ് എക്യുപ്മെന്റ് ഫിനാൻസ് വിഭാഗം മേധാവി കമൽ പർമറും ജെസിബി ഇന്ത്യ പ്രതിനിധിയും ഒപ്പുവച്ചു. ഇതു പ്രകാരം രാജ്യത്തുടനീളം മണപ്പുറം ഫിനാൻസ് ജെസിബി ഉപകരണങ്ങൾക്ക് വായ്പ ലഭ്യമാക്കും. ഈ പങ്കാളിത്തം ഇരു കമ്പനികളുടേയും ബിസിനസ് വളർച്ചയ്ക്ക് ഏറെ സഹായകമാകും. ഇരു കമ്പനികളുടേയും പ്രധാന വിപണികളിൽ പരസ്പരം കരുത്ത് പകരുകയും ചെയ്യും. ബിസിനസ് വൈവിധ്യവൽക്കരിക്കുന്നതിനുള്ള മണപ്പുറം ഫിനാൻസിന്റെ ശ്രമങ്ങളുടെ ഭാഗമാണീ കരാർ. നിർമാണ സാമഗ്രികൾക്കുള്ള ഫിനാൻസ് സേവനം വിപുലീകരിക്കുന്നതിനുള്ള പ്രധാന ചുവടുവെപ്പാണിതെന്ന് മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി.പി. നന്ദകുമാർ പറഞ്ഞു.

## അഗ്രികൾച്ചർ സയൻസ് കോൺഗ്രസിന് തുടക്കമായി

# വരുംതലമുറയ്ക്ക് വേണ്ടി കാർഷികഭക്ഷ്യോൽപാദനരംഗം സുസ്ഥിരമാക്കണം : കേന്ദ്ര മന്ത്രി പർഷോത്തം രൂപാല




**കൊച്ചി:** വർധിച്ചുവരുന്ന ഭക്ഷ്യ ആവശ്യകത, പരിസ്ഥിതി നശീകരണം, കാലാവസ്ഥാവ്യതിയാനം ഉയർത്തുന്ന ഭീഷണി തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ വരുംതലമുറക്ക് വേണ്ടി കാർഷിക ഭക്ഷ്യോൽപാദന വ്യവസ്ഥ സുസ്ഥിരമായി വികസിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല. കൊച്ചിയിൽ 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മലിനീകരണം ജീവജാലങ്ങൾക്കും കടലിന്റ ആവാസവ്യവസ്ഥക്കും കടുത്ത ഭീഷണിയാണുയർത്തുന്നത്. ഇതിന് ശാശ്വതമായ പരിഹാരം കാണാൻ ഈ മേഖലയിലെ ശാസ്ത്രജ്ഞരും ഗവേഷകരോടും മന്ത്രി അഭ്യർത്ഥിച്ചു.പൊക്കാളി അരി പോലുള്ള പരമ്പരാഗത വിളകളെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. പൊക്കാളി കർഷകരുടെ വരുമാനം മെച്ചപ്പെടുത്താനുള്ള നടപടികൾ വേണം. ഏറ്റവും പുതിയ ശാസ്ത്രസാങ്കേതികവിദ്യകളിലൂടെ കാർഷികോൽപാദനം മെച്ചപ്പെടുത്താനാകും. കാർഷികോൽപാദന രംഗത്ത് വൻതോതിൽ യന്ത്രവൽകൃതരീതികൾ കൊണ്ടുവരുന്നതിന് ഗവേഷകരുടെ പരിശ്രമം വേണം.കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവരിൽ പകുതിയോളം സ്ത്രീകളാണ്. ഇത് പരിഗണിച്ച്, കാർഷികമേഖലയിൽ സ്ത്രീസൗഹൃദ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതുണ്ടതുണ്ടെന്നും മന്ത്രി രൂപാല കൂട്ടിച്ചേർത്തു.നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് (നാസ്) സമ്മേളനം സംഘടിപ്പിക്കുന്നത്. നാസ് ഏർപ്പെടുത്തിയ വിവിധ പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു. സമ്മേളനത്തിന്റെ ഭാഗമയി സംഘടിപ്പിച്ച എക്സ്പോയുടെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു. അന്തരിച്ച കാർഷിക ശാസ്ത്രജ്ഞനും നാസിന്റെ പ്രഥമ പ്രസിഡണ്ടുമായ ഡോ എം എസ് സ്വാമിനാഥന് കൊണ്ടാണ് സമ്മേളനം ആരംഭിച്ചത്.കേന്ദ്ര കൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറലുമായ ഡോ ഹിമാൻഷു പഥക് അധ്യക്ഷത വഹിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദേശം അദ്ദേഹം വായിച്ചു. ഇന്ത്യയുടെ ഭക്ഷ്യ ആവശ്യകത 2033 ഓടെ 340 355 മെട്രിക് ടണ്ണായി വർധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കാർഷിക മേഖലയിൽ വഴിത്തിരിവായേക്കാവുന്ന ഗവേഷണങ്ങൾ ജനിതകപഠനവുമായി ബന്ധപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു.രാജ്യത്തെ എല്ലാ പൗരൻമാർക്കും തുല്യമായി ലഭ്യമാകുന്ന രീതിയിൽ ഭക്ഷ്യപോഷക സുരക്ഷ ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് സംസ്ഥാന കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. പരിസ്ഥിതിയുടെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം സംരക്ഷിച്ചുകൊണ്ടായിരിക്കണമിത്. സംസ്ഥാന സർക്കാർ ഈയിടെ ആരംഭിച്ച പോഷക സമൃദ്ധി പദ്ധതി ഇത്തരത്തിൽ ലക്ഷ്യമിട്ടുള്ളതാണ്. കാർബൺ ന്യൂട്രൽ കാർഷിക വികസന സമ്പ്രദായത്തിലേക്ക് മാറേണ്ടത് അത്യാവശ്യമാണെന്നും മന്ത്രി പ്രസാദ് പറഞ്ഞു.

ഹൈബി ഈഡൻ എംപി, ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ കെ ജെന എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. നാല് ദിവസങ്ങളിലായി നടക്കുന്ന കോൺഗ്രസിന് ഇത്തവണ ആതിഥ്യം വഹിക്കുന്നത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ്.ഇന്ത്യയിലെ കാർഷികഅനുബന്ധ മേഖലകളിലെ സുപ്രധാന പഠനങ്ങളും വികസനപ്രവർത്തനങ്ങളുമാണ് സമ്മേളനത്തിൽ ചർച്ച ചെയ്യുന്നത്. പ്രഗൽഭ കാർഷിക സാമ്പത്തികവിദഗ്ധർ, ശാസ്ത്രജ്ഞർ, ആസൂത്രണവിദഗ്ധർ, കർഷകർ, വ്യവസായികൾ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. കാർഷികഭക്ഷ്യോൽപാദനവുമായി ബന്ധപ്പെട്ട 10 പ്രധാന തീമുകളിലായി പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം, ജനിതക വിളകൾ, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റൽ കൃഷി, നിർമിതബുദ്ധി അധിഷ്ഠിത കാർഷികവൃത്തി തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

ലാകബാങ്ക് ലീഡ് ഇക്കണോമിസ്റ്റ് ഡോ മാധൂർ ഗൗതം, ഭാരത് ബയോടെക് എംഡി ഡോ കൃഷ്ണ എല്ല, കാർഷിക വില കമ്മീഷൻ ചെയർമാൻ ഡോ വിജയ് പോൾ ശർമ, ഡോ പ്രഭു പിൻഗാളി, ഡോ റിഷി ശർമ, ഡോ കടമ്പോട്ട് സിദ്ധീഖ് തുടങ്ങി പ്രമുഖരുടെ നീണ്ട നിര സമ്മേളനത്തിലെ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. അഞ്ച് പ്ലീനറി പ്രഭാഷണങ്ങൾ, മൂന്ന് പാനൽ ചർച്ചകൾ, നാല് സിംപോസിയങ്ങൾ എന്നിവ കോൺഗ്രസിലുണ്ട്.

12ന് നടക്കുന്ന കർഷക സംഗമം സമ്മേളനത്തിന്റെ മുഖ്യ ആകർഷണങ്ങളിലൊന്നാണ്.ഭക്ഷ്യപ്രതിസന്ധിയെകുറിച്ചുള്ള പുനരാലോചന എന്ന വിഷയത്തിൽ ഇന്റർനാഷണൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ ചാനിങ് ആരന്റ് പ്ലീനറി പ്രഭാഷണം നാളെ നടത്തും. കാർഷികഭക്ഷ്യോൽപാദനരംഗം മെച്ചപ്പെടുത്താനുള്ള വിദ്യാഭ്യാസസമ്പ്രദായം എന്ന വിഷയത്തിൽ പാനൽ ചർച്ച. തീരദേശകൃഷിരീതികൾ, ചെറുധാന്യങ്ങൾ, കാർഷികമേഖലയിലെ ലിംഗസമത്വം എന്നീ വിഷയങ്ങളിൽ മൂന്ന് സിംപോസിയങ്ങൾ. ഭക്ഷ്യപോഷകസുരക്ഷ, ജനിതകപഠനം ജീൻ എഡിറ്റിംഗ് എന്നീ തീമുകളുമായി ബന്ധപ്പെട്ട പഠനങ്ങൾ ചർച്ച ചെയ്യുന്ന വിവിധ ടെക്നിക്കൽ സെഷനുകൾ. ഡോ എം എസ് ബാംജി, ഡോ പി കെ ജോഷി, ഡോ മധുര സ്വാമിനാഥൻ തുടങ്ങിയവർ നേതൃത്വം നൽകും.

## നോക്കിയ ജി42 5ജി വേരിയന്റ് പുറത്തിറക്കി



**കൊച്ചി:** ഉപഭോക്താക്കൾ കാത്തിരുന്ന എച്ച്എംഡി നോക്കിയ ജി42 5ജി 16ജിബി+256ജിബിവേരിയന്റ് പുറത്തിറക്കിയതായി നോക്കിയ ഫോൺ നിർമാതാക്കളായ എച്ച്എംഡി ഗ്ലോബൽ പ്രഖ്യാപിച്ചു.

ഒക്ടോബർ 18 മുതൽ റീട്ടെയിൽ ഔട്ട്ലെറ്റുകളിലും Nokia.comലും മാത്രമായി ലഭ്യമാവുന്ന ഫോൺ, സോ ഗ്രേ, സോ പർപ്പിൾ, സോ പിങ്ക് എന്നിങ്ങനെ മൂന്ന് ആകർഷകമായ നിറങ്ങളിലാണ് എത്തുന്നത്. 16,999 രൂപയാണ് വില. മികച്ച ഫീച്ചറുകൾക്ക് പുറമേ, ആകർഷകമായ ലിമിറ്റഡ് ലോഞ്ച് ഓഫറും എച്ച്എംഡി പ്രഖ്യാപിച്ചിട്ടുണ്ട് തിരഞ്ഞെടുത്ത റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്ന് നോക്കിയ ജി42 5ജി വാങ്ങുമ്പോൾ, 999 രൂപ വിലയുള്ള ബ്ലൂടൂത്ത് ഹെഡ്ഫോൺ സൗജന്യമായി ലഭിക്കും. 5ജി കണക്റ്റിവിറ്റി ഉറപ്പാക്കുന്ന സ്നാപ‌്ഡ്രാഗൺ 480 പ്ലസ് 5ജി ചിപ്സെറ്റാണ് നോക്കിയ ജി42 5ജിയുടെ കരുത്ത്.

രണ്ട് വർഷത്തെ ഒഎസ് അപ്ഗ്രേഡ് ഗ്യാരണ്ടിയുമുണ്ട്. 5000 എംഎഎച്ച് ബാറ്ററിയാണ് മറ്റൊരു മികച്ച ഫീച്ചർ. മൂന്ന് ദിവസത്തെ ബാറ്ററി ലൈഫാണ് വാഗ്ദാനം. 50 മെഗാപിക്സൽ മെയിൻ ക്യാമറ, 2 മെഗാപിക്സൽ മാക്രോ, 2 മെഗാപിക്സൽ ഡെപ്ത് ഓക്സിലറി ക്യാമറ, 8 മെഗാപിക്സൽ ഫ്രണ്ട് ക്യാമറ, 16ജിബി റാം, 256ജിബി സ്റ്റോറേജ്, 6.56 ഇഞ്ച് എച്ചഡി +90ഹേർട്സ് കോർണിങ് ഗൊറില്ല ഗ്ലാസ് 3 സ്ക്രീൻ എന്നിവ സവിശേഷമായ സ്മാർട്ട്ഫോൺ അനുഭവം പ്രദാനം ചെയ്യുന്നു. 65% റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക്കിൽ നിന്ന് നിർമിച്ചതാണ് ഫോണിന്റെ ബാക്ക് കവർ.

## കേരളീയം2023: പാചകമത്സരം നടത്തുന്നു

**മലപ്പുറം:**നവംബർ ഒന്ന് മുതൽ ഏഴ് വരെ തിരുവനന്തപുരത്ത് നടത്തുന്ന കേരളീയം2023ന്റെ പ്രചരണാർത്ഥം കുടുംബശ്രീ പാചക മത്സരം നടത്തുന്നു. മലയാളത്തനിമയുടെ മഹോത്സവമായ കേരളീയത്തിലെ ഭക്ഷ്യ മേളയിലേക്ക് മികച്ച കാറ്ററിങ് യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിനായുള്ള ഈ പാചക മത്സരത്തിൽ ജില്ലയിൽ നിന്നും 15 ബ്ലോക്കുകളിൽ നിന്നായി തെരഞ്ഞെടുത്ത 12 യൂണിറ്റുകളാണ് പങ്കെടുക്കുക.

ജില്ലയിലെ വിവിധ സി.ഡി.എസുകളിലെ യൂണിറ്റുകളിൽ നിന്നും ബി.സി,എം.ഇ.സിമാർ മുഖേനയാണ് മികച്ച യൂണിറ്റുകളെ തെരഞ്ഞെടുത്തത്. നിലമ്പൂർ അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഒക്ടോബർ 13ന് രാവിലെ 9.30 മുതൽ മത്സരം തുടങ്ങും. പരിപാടിയുടെ ഉദ്ഘാടനം രാവിലെ 11ന് പി.വി അബ്ദുൾ വഹാബ് എം.പി നിർവഹിക്കും.

ഒന്നാം സ്ഥാനം നേടുന്നവർക്ക് 5000, രണ്ടാം സ്ഥാനത്തിന് 2500 എന്നിങ്ങനെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും നൽകും. ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന യൂണിറ്റിന് സംസ്ഥാനതല കേരളീയം2023 ഭക്ഷ്യമേളയിൽ പങ്കെടുക്കാം. മത്സരത്തിന് ആവശ്യമായ സാമഗ്രികളും സാധനങ്ങളും കുടുംബശ്രീ നൽകും.

# പ്രവർത്തന രഹിതമായ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം

**മലപ്പുറം:** വ്യവസായ യൂണിറ്റുകളുടെ പുനരജ്ജീവന പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ നൽകാം. സ്ട്രെസ്ഡ് അസറ്റ്സ്, ഡീഫങ്റ്റ് യൂനിറ്റ്സ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങൽലായാണ് ധനസഹായം നൽകുന്നത്.

ഒമ്പത് മാസത്തിൽ കൂടുതൽ ബാങ്ക് വായ്പ തിരിച്ചടവ് മുടങ്ങിയതോ നഷ്ടം മൂലം 50 ശതമാനത്തിന് മുകളിൽ ആകെ ആസ്തി ശോഷണം സംഭവിച്ചതോ ആയ ഒരു വർഷമെങ്കിലും പ്രവർത്തിച്ച യൂണിറ്റുകളാണ് സ്ട്രസ്സ്ഡ് യൂനിറ്റുകളുടെ പരിധിയിൽ വരിക. രണ്ട് വർഷം പ്രവർത്തിക്കുകയും ആറ് മാസമെങ്കിലും പ്രവർത്തനരഹിതമാവുകയും ചെയ്തവയാണ് ഡീഫങ്റ്റ് യൂനിറ്റുകളുടെ പരിധിയിൽ വരുന്നത്. സ്ട്രസ്ഡ് അസറ്റ് ഇനത്തിൽ പരമാവധി ആറ് ലക്ഷം വരെയും ഡീഫങ്റ്റ് ഇനത്തിൽ പരമാവധി എട്ട് ലക്ഷം വരെയുമാണ് സഹായം ലഭിക്കുക. പ്രവർത്തന രഹിതമായ ഡീഫങ്റ്റ് യൂണിറ്റുകൾ പുതിയ സംരംഭകന് കൈമാറാൻ പരമാവധി ലക്ഷം രൂപ വരെ ഒറ്റത്തവണ സഹായാവും ലഭിക്കും. കൂടുതൽ വിവരം ജില്ലാ വ്യവസായ കേന്ദ്രത്തിലും താലൂക്ക് വ്യവസായ കേന്ദ്രത്തിലും അറിയാം. ഫോൺ: 0483 2737405.

# ഉന്നതി: തൊഴിൽ പരിശീലനത്തിന് തുടക്കമായി

**കൊല്ലം:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയവർക്കുള്ള തൊഴിൽ പരിശീലനം കാനറാ ബാങ്ക് ആർ എസ് ഇ ടി ഐയിൽ ആരംഭിച്ചു. 100 ദിനം തൊഴിൽ പൂർത്തിയാക്കിയവർക്ക് നൈപുണ്യ വികസനത്തിനുള്ള പരിശീലനം നൽകുന്ന പദ്ധതിയാണ് ഉന്നതി.

മുഖത്തല ബ്ലോക്കിൽ വിവിധ പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 35 ഗുണഭോക്താക്കൾക്കായി കൊട്ടിയം കാനറ ബാങ്ക് ആർ എസ് ഇ ടി ഐ നൽകുന്ന തയ്യൽ ആൻഡ് റെഡിമെയ്ഡ് വസ്ത്ര നിർമാണ പരിശീലന പരിപാടിയുടെ ഉദ്ഘാടനം മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി യശോധ നിർവഹിച്ചു. വൈസ് പ്രസിഡന്റ് ഹുസൈൻ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുശീല, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, തൊഴിലുറപ്പ് പ്രോഗ്രാം ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാനത്ത് ഭവന നയം ഉടൻ : മന്ത്രി കെ രാജൻ

**തിരുവനന്തപുരം:** അപ്രതീക്ഷിത കാലാവസ്ഥ വ്യതിയാനങ്ങൾ ഉൾപ്പെടെ കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഉൾക്കൊണ്ട് കേരളത്തിന് പുതിയ ഭവന നയം തയാറാക്കുമെന്ന് റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ. തിരുവനന്തപുരം പി ടി പി നഗറിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം കാമ്പസിൽ ത്രീഡി സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച സംസ്ഥാനത്തെ ആദ്യ കെട്ടിടം 'അമേസ് 28' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചടങ്ങിൽ വി കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ചു.

ഭവന നിർമ്മാണ രംഗത്ത് നവീന സാങ്കേതിക വിദ്യകളും ഹരിത നിർമ്മാണ രീതികളും ഉപയോഗപ്പെടുത്താൻ കഴിയണമെന്നു മന്ത്രി പറഞ്ഞു. തിരുവനന്തപുരം വാഴമുട്ടത്ത് ആറ് ഏക്കറിൽ നാഷണൽ ഹൗസിംഗ് പാർക്ക് നിർമ്മിക്കാൻ ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയായി. വിവിധ രൂപകല്പനയിലുള്ള 40 ഓളം നിർമ്മിതികൾ ഉൾക്കൊള്ളുന്ന നാഷണൽ ഹൗസിംഗ് പാർക്കിൽ എല്ലാവിധ നിർമ്മാണ സാമഗ്രികളും പരിചയപ്പെടുത്താൻ സൗകര്യങ്ങൾ ഉണ്ടാകും.

നിർമാണ സാമഗ്രികൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ എല്ലാ ജില്ലകളിലും കലവറ സംവിധാനം ശക്തിപ്പെടുത്തും. മൊബൈൽ ക്വാളിറ്റി ലാബ് സൗകര്യവും ഉണ്ടാകും.

ഏകീകൃത നിർമ്മാണ രീതികൾ ഉപയോഗപ്പെടുത്തി കുറഞ്ഞ സമയത്തിലും താങ്ങാവുന്ന ചെലവിലും ഭവന നിർമ്മാണ രീതികൾ സ്വീകരിക്കാൻ കേരളം ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. കേന്ദ്ര നഗരകാര്യ മന്ത്രാലയവുമായി ചേർന്ന് ചെന്നൈ ഐ ഐ ടി രൂപീകരിച്ച ഇൻക്യുബേറ്റർ കമ്പനിയായ ത്വാസ്ത പൂർണമായും തദ്ദേശീയമായി വികസിപ്പിച്ച ത്രീഡി പ്രിന്റിംഗ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി 28 ദിവസം കൊണ്ടാണ് നിർമ്മിതി കേന്ദ്രം കാമ്പസിൽ മാതൃകാ കെട്ടിടം നിർമ്മിച്ചത്.

ചടങ്ങിൽ നിർമ്മിതി കേന്ദ്രം ജീവനക്കാർക്കും മെറ്റിറ്റ് അവാർഡുകളും ജീവനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാ സ അവാർഡുകളും മന്ത്രി വിതരണം ചെയ്തു.

സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ഡോ. ഫെബി വർഗീസ്, ത്വാ സ്ത ചെന്നൈ മാനേജിംഗ് ഡയറക്ടർ ആദിത്യ, വി. എസ്, കെസ്നിക് ഫിനാൻസ് അഡ്വ വൈസർ എസ് അശോക് കുമാർ, ഡെപ്യൂട്ടി ടെക്നിക്കൽ കോ ഓർഡിനേറ്റർ ഡോ. റോബർട്ട് വി തോമസ്, ചീഫ് ടെക്നിക്കൽ ഓഫീസർ ആർ ജയൻ എന്നിവർ സംസാരിച്ചു.



# സംസ്ഥാനത്ത് വൈജ്ഞാനിക സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുക സർക്കാർ ലക്ഷ്യം : മന്ത്രി വി ശിവൻകുട്ടി

**കൊല്ലം:** ആഗോള രംഗത്തെ മാറ്റം ഉൾക്കൊണ്ട് സംസ്ഥാനത്ത് വൈജ്ഞാനിക സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് പൊതുവിദ്യാഭ്യാസ തൊഴിൽ മന്ത്രി വി ശിവൻകുട്ടി. ചന്ദനത്തോപ്പ് സർക്കാർ ഐടിഐയിലെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ ടി ഐ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമാണ് സർക്കാർ നൽകി വരുന്നത്. വ്യവസായ പുരോഗതിക്കും അതുവഴി രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും അനുയോജ്യമാകുന്ന രീതിയിൽ വിദ്യാർഥികൾക്ക് നൈപുണ്യ പരിശീലനം നൽകും. ഇതുവഴി ആർജിച്ച കഴിവുകൾ നൂതന ആശയങ്ങളായി വികസിപ്പിച്ച്, സാധാരണ ജനങ്ങൾക്കും, വ്യവസായങ്ങൾക്കും ഉതകുന്ന കണ്ടുപിടുത്തങ്ങൾ നടത്തുവാൻ സർക്കാർ യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം പദ്ധതി സംസ്ഥാനത്തെ ഐ ടി ഐ കളിൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ നൈപുണ്യകർമ്മസേന എല്ലാ ഐ ടി ഐ കളിലും നടപ്പിൽ വരുത്തുകയും ചെയ്തു. സർക്കാർ ആശുപത്രികൾ, വയോജനകേന്ദ്രങ്ങൾ അങ്കണവാടികൾ എന്നിവിടങ്ങളിൽ സാങ്കേതിക സഹായങ്ങൾ നൽകുവാൻ നൈപുണ്യ കർമസേനയ്ക്ക് സാധിക്കുന്നു. ഡിജിറ്റൽ സർവ്വകലാശാലയുടെ നേതൃത്വത്തിലുള്ള ഡിജിറ്റൽ ഫോഴ്സ് മാനേജ്മെന്റിലൂടെ തൊഴിൽ നൈപുണ്യ സ്ഥാപനങ്ങളെയും ഉദ്യോഗാർഥികളെയും നൈപുണ്യ പരിശീലകരെയും പരസ്പരം ബന്ധിപ്പിക്കുക മുഖേന വിദ്യാർഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നു. ഐ ടി ഐയിലെ സിലബസുകളിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

കിഫ്ബി ഫണ്ടിൽ നിന്നും 3.63 കോടി രൂപ ചെലവഴിച്ചാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ ടി എ മന്ദിരം നിർമിച്ചത്. മൂന്ന് വർക്ക് ഷോപ്പുകൾ, പുതിയ ലിഫ്റ്റ് റൂം, സി സി ടി വി ക്യാമറ, പബ്ലിക് അഡ്രസ് സിസ്റ്റം, മഴവെള്ള സംഭരണി, സ്മാർട്ട് ക്ലാസ് റൂമുകൾ, ജനറേറ്റർ സംവിധാനം, കവാടം, ക്യാമ്പസ് റോഡുകൾ എന്നീ സൗകര്യങ്ങളോടുകൂടിയാണ് പുതിയ മന്ദിരം. പി സി വിഷ്ണുനാഥ് എം എൽ എ അധ്യക്ഷനായി. എൻ കെ പ്രേമചന്ദ്രൻ എം പി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷ്, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയദേവി മോഹൻ, വൈസ് പ്രസിഡന്റ് ബി ദിനേശ്, പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദിവ്യ ജയകുമാർ, കെ എ എസ് ഇ ചീഫ് ഓപ്പറേറ്റീവ് ഓഫീസർ ടി വി വിനോദ്, ചന്ദനത്തോപ്പ് സർക്കാർ ഐ ടി ഐ പ്രിൻസിപ്പാൾ വി സജീവ് തുടങ്ങിയവർ പങ്കെടുത്തു.

# മയക്കുമരുന്നിനെതിരായ ബോധവൽക്കരണം വിദ്യാർഥികൾ ഏറ്റെടുക്കണം

**തൃശ്ശൂർ:** മയക്കുമരുന്നിന്റെ അപകടങ്ങളെക്കുറിച്ച് സഹപാഠികളെ ബോധ്യപ്പെടുത്തുന്നത് ഒരു കടമയായി വിദ്യാർത്ഥികൾ കാണണമെന്ന് മേയർ എം കെ വർഗീസ്. മയക്കുമരുന്ന് ഉപയോഗം ഈ കാലഘട്ടത്തിന്റെ വിപത്തായി മാറിയിരിക്കുന്നു. ഇതേക്കുറിച്ചുള്ള ബോധവൽക്കരണത്തിന് വിദ്യാർഥി സമൂഹം മുന്നിട്ടിറങ്ങണം. കുട്ടികളുടെ പെരുമാറ്റരീതികളിൽ എന്തെങ്കിലും പ്രകടമായ മാറ്റം കണ്ടാൽ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. ലോക മാനസികാരോഗ്യ ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം തൃശ്ശൂർ സെന്റ് തോമസ് കോളേജ് മേനാച്ചേരി ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. എൻഎസ്എസ് വളണ്ടിയർമാരെ മാനസികാരോഗ്യ സന്ദേശം പ്രചരിപ്പിക്കുന്ന ബി ഹാപ്പി ബാഡ്ജുകൾ ധരിപ്പിച്ചു കൊണ്ടായിരുന്നു ഉദ്ഘാടനം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ അധ്യക്ഷത വഹിച്ചു.



ഡെപ്യൂട്ടി മേയർ എം എൽ റോസി, കോർപ്പറേഷൻ ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി കെ ഷാജൻ, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ റഹീം വീട്ടിപ്പറമ്പിൽ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ടി പി ശ്രീദേവി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി സജീവ് കുമാർ, സെന്റ് തോമസ് കോളേജ് എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. വിമല കെ ജോൺ തുടങ്ങിയവർ സംസാരിച്ചു. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ കെ എ സ്വാഗതവും ജില്ലാ എജ്യുക്കേഷൻ ആന്റ് മീഡിയ ഓഫീസർ സന്തോഷ് കുമാർ പി എ നന്ദിയും പറഞ്ഞു.

ജില്ലാ മാനസികാരോഗ്യ കേന്ദ്രം സീനിയർ കൺസൾട്ടന്റ് ഡോ. എസ് വി സുബ്രഹ്മണ്യൻ സെമിനാറിന് നേതൃത്വം നൽകി.

ജില്ലാ മെഡിക്കൽ ഓഫീസ് ആരോഗ്യം, ആരോഗ്യ കേരളം, സെന്റ് തോമസ് കോളേജ് എൻ എസ് എസ് യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു ദിനാചരണ പരിപാടികൾ.

മാനസികാരോഗ്യം സാവർവ്വത്രിക മാനുഷ്യാവകാശം എന്നതാണ് ഈ വർഷത്തെ മാനസികാരോഗ്യ ദിന സന്ദേശം

# ടിവികൾക്ക് ഉത്സവ സീസൺ ഓഫറുകളുമായി സാംസങ്




**കൊച്ചി:** സാംസങ് ഉത്സവ സീസൺ പ്രമാണിച്ച് ടിവികൾക്ക് മെഗാ ഓഫർ പ്രഖ്യാപിച്ചു. നിയോ ക്യുഎൽ ഇഡി, ഒഎൽ ഇഡി, ക്രിസ്റ്റൽ 4കെ ഐസ്മാർട്ട്, ക്രിസ്റ്റൽ വിഷൻ 4കെ, ക്യുഎൽഇഡി 4കെ, ദി ഫ്രെയിം തുടങ്ങി എല്ലാ ശ്യംഖലകളിലെയും ടിവികൾക്ക് ഓഫർ ലഭിക്കുമെന്ന് കമ്പനി അധികൃതർ പറഞ്ഞു.

ആകർഷകമായ ടിവി ഓഫറുകളിലൂടെ ഉപഭോക്താക്കൾക്ക് ഉത്സവകാലത്ത് കൂടുതൽ ആഹ്ളാദം പകരാൻ പ്രതിജ്ഞാബദ്ധമാണെന്ന് സാംസങ് ഇന്ത്യ വിഷ്വൽ ഡിസ്പ്ലേ ബിസിനസ് സീനിയർ വൈസ് പ്രസിഡൻറ് മോഹൻദീപ് സിംഗ് പറഞ്ഞു. ഉപഭോക്താക്കൾക്ക് 20% വരെ ബാങ്ക് ക്യാഷ്ബാക്കും 3 വർഷത്തെ വാറൻറിയും ഉത്സവ സീസണിൽ നേടാനാകും.

അനായാസ ഇഎംഐ ഓപ്ഷനുകൾ തിരഞ്ഞെടുക്കാനും അവസരമുണ്ട്.പ്രധാന ഓൺലൈൻ ഓഫറുകൾ പ്രകാരം 4000 രൂപ വരെ ക്യാഷ്ബാക്ക് ലഭിക്കും.18 മാസം വരെ അനായാസ ഇഎംഐ ഓപ്ഷനുകൾ പ്രയോജനപ്പെടുത്താനുമാകും. സാംസങിന്റെ ഏറ്റവും പ്രമുഖമായ നിയോ ക്യുഎൽഇഡി ശ്രേണിയിലെ ടിവി ആമസോൺ, ഫ്ലിപ്പ്കാർട്ട്, സാംസങ്.കോം എന്നിവയിൽ 15% വരെ ഡിസ്ക്കൗണ്ടോടെ ലഭിക്കും. ദി ഫ്രെയിം ടിവിക്ക് 6000 രൂപ വരെ ക്യാഷ്ബാക്ക് ഓഫറുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# കോഴിക്കോട് ആസ്റ്റർ മിംസിൽ സൗജന്യ ജി.ഡി.എ കോഴ്സിന് തുടക്കമായി

**കോഴിക്കോട്:** ആസ്റ്റർ മിംസിന്റെ സാമൂഹിക പ്രതിബദ്ധതാ പരിപാടികളുടെ ഭാഗമായി, സന്നദ്ധ സേവന വിഭാഗമായ ആസ്റ്റർ വളന്റിയേഴ്സും ആസ്റ്റർ മിംസ് ചാരിറ്റബിൾ ട്രസ്റ്റും ചേർന്ന് നടത്തുന്ന സൗജന്യ ജി.ഡി.എ കോഴ്സിന് (ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്) തുടക്കമായി.



കോഴിക്കോട് ആസ്റ്റർ മിംസിൽ നടന്ന ചടങ്ങിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷീജ ശശി ഉദ്ഘാടനം നിർവ്വഹിച്ചു. കോഴിക്കോട് സിറ്റി സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി, എ. സുമേഷ് അധ്യക്ഷത വഹിച്ചു.കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ 120 യുവതി യുവാക്കൾക്കാണ് നബാർഡിന്റെ സഹകരണത്തോടെ കോഴ്സ് നടത്തുന്നത്. ആറു മാസം ദൈർഘ്യമുള്ള കോഴ്സിന്റെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര ഗവണ്മെന്റ് അംഗീകാരമുള്ള നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ സർട്ടിഫിക്കറ്റ് നൽകും.

വിജയകരമായി പൂർത്തിയാക്കുന്നവരിൽ നിന്ന് താൽപര്യമുള്ളവർക്ക് ആസ്റ്റർ മിംസ് ആശുപത്രികളിൽ ജോലിയും ഉറപ്പു വരുത്തുന്നുണ്ട്. ഇതിനോടകം 16 ബാച്ചുകളിലായി 500 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയ 250ലധികം പേരെ സ്വദേശത്തും വിദേശത്തുമായി ഞങ്ങളുടെ ഹോസ്പിറ്റലുകളിൽ ജോലിക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ആസ്റ്റർ വളണ്ടിയേഴ്സ് മലബാർ ലീഡ് മുഹമ്മദ് ഹസീം പറഞ്ഞു. നബാർഡ് കോഴിക്കോട് ജില്ലാ ഡെവലപ്മെൻറ് മാനേജർ മുഹമ്മദ് റിയാസ്, ആസ്റ്റർ മിംസ് സി.ഒ. ഒ. ലുക്ക്മാൻ പൊൻമാടത്ത്, ഡെപ്യൂട്ടി സി.എം.എസ്. ഡോ നൗഫൽ ബഷീർ, കാർഡിയോളജി വിഭാഗം തലവൻ ഡോ. സൽമാൻ സലാഹുദ്ദീൻ, ചീഫ് നഴ്സിംഗ് ഓഫീസർ ഷീലാമ്മ ജോസഫ്, എച്ച് ആർ മാനേജർ കെ.പി രജീഷ്, നേഴ്സസ് മാനേജർ ദിവ്യ എൻ നായർ തുടങ്ങിയവർ സംസാരിച്ചു.

# ട്രാവൽ ഇൻഷുറൻസ് ക്ലെയിം: തൽസമയ ഡിജിറ്റൽ പ്രക്രിയയുമായി ടാറ്റ എഐജി ജനറൽ ഇൻഷുറൻസ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇൻഷുറൻസ് സേവനദാതാക്കളിൽ ഒന്നായ ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് കമ്പനി ട്രാവൽ ഇൻഷുറൻസ് ക്ലെയിമുകൾക്കായി വേഗത്തിലുള്ള ഓൺലൈൻ ക്ലെയിംസ് പ്രക്രിയ അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് ടാറ്റ എഐജി വെബ്സൈറ്റിൽ ലളിതമായി തങ്ങളുടെ ക്ലെയിം നേരിട്ടു രജിസ്റ്റർ ചെയ്യുകയും ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയും സ്റ്റാറ്റസ് പരിശോധിക്കുകയും ചെയ്യാമെന്ന് ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിൻറെ ആക്സിഡൻറ് ആൻറ് ഹെൽത്ത് ക്ലെയിംസ് ദേശീയ മേധാവിയും എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറുമായ രാജഗോപാൽ രുദ്രരാജു പറഞ്ഞു.കോൾ സെൻററുകളോ ഇമെയിലുകൾ വഴിയോ ആശയവിനിമയം നടത്തേണ്ടതിൻറെ ആവശ്യം പരമാവധി കുറക്കുന്ന ഉപഭോക്തൃ സൗഹൃദ സംവിധാനമാണിത്. ഉപഭോക്താക്കൾക്ക് യാത്ര ചെയ്യുന്നതിനിടയിൽ പോലും ക്ലെയിമുകൾ ഫയൽ ചെയ്യാൻ സഹായിക്കുന്ന വിധത്തിൽ, എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ ക്ലെയിം സംവിധാനമാണ് ടാറ്റ എഐജി അവതരിപ്പിച്ചിട്ടുള്ളത്.ടാറ്റ എഐജിയുടെ പുതിയ ഡിജിറ്റൽ ക്ലെയിംസ് പ്രക്രിയയിലൂടെ ട്രാവൽ ഇൻഷുറൻസ് പോളിസി ഉടമകൾക്ക് അപകടം, രോഗവുമായി ബന്ധപ്പെട്ട മെഡിക്കൽ ചെലവുകൾ, മറ്റ് ബന്ധപ്പെട്ട ക്ലെയിമുകൾ എന്നിവ ഉൾപ്പെടെ പോളിസി പരിരക്ഷയിൽ ബാധകമായ എല്ലാ ക്ലെയിമുകളും ഫയൽ ചെയ്യാവുന്നതാണ്.

യാത്രക്കിടയിൽ എന്തെങ്കിലും അടിയന്തര സാഹചര്യം ഉണ്ടായാൽ ഏറ്റവും ഫലപ്രദമായ പരിരക്ഷ പ്രദാനം ചെയ്യുന്ന ഒന്നാണ് ട്രാവൽ ഇൻഷുറൻസെന്നും രാജഗോപാൽ രുദ്രരാജു പറഞ്ഞു. ഉപഭോക്താക്കളെ ഡിജിറ്റലി കണക്ടഡ് ആക്കേണ്ടതിൻറേയും നേരിട്ടുള്ള ക്ലെയിം പ്രക്രിയയിലേക്ക് അവരെ എത്തിക്കേണ്ടതിൻറേയും ആവശ്യകത തങ്ങൾ മനസിലാക്കുന്നുണ്ട്. എന്തെങ്കിലും അപ്രതീക്ഷിത സംഭവങ്ങൾ നേരിടുമ്പോൾ ഇക്കാര്യം തികച്ചും ആവശ്യവുമാണ്. ലോകത്തിൻറെ ഏതു ഭാഗത്തിരുന്നു കൊണ്ടും തങ്ങളുടെ ക്ലെയിമുകൾ ഫയൽ ചെയ്യാനും അതിൻറെ സ്ഥിതി തൽക്ഷണം അറിയാനും പുതിയ സംവിധാനം സഹായിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ടാറ്റ എഐജി ട്രാവൽ ഇൻഷുറൻസ് പോളിസി ഉടമകൾക്ക് കമ്പനി വെബ്സൈറ്റായ ०००.മേമേമശഴ.രീ സന്ദർശിച്ച് തങ്ങളുടെ ക്ലെയിമുകൾ നേരിട്ട് സ്വയം രജിസ്റ്റർ ചെയ്യാനും ബന്ധപ്പെട്ട രേഖകൾ അപ്ലോഡു ചെയ്യാനും ക്ലെയിം സ്റ്റാറ്റസ് പരിശോധിക്കാനും സാധിക്കും.

## കേരളീയം: മലയാളം മിഷൻ ഉൽപന്നങ്ങൾക്ക് 25 ശതമാനം വിലക്കുറവ്

തിരുവനന്തപുരം: നവംബർ ഒന്നു മുതൽ ഏഴ് വരെ തിരുവനന്തപുരത്ത് സർക്കാർ സംഘടിപ്പിക്കുന്ന കേരളീയത്തോടനുബന്ധിച്ച് മലയാളം മിഷൻറെ സുവനീർ ഉത്പന്നങ്ങൾക്ക് ഡിസ്കൗണ്ട് ലഭിക്കും. സാംസ്കാരിക വകുപ്പിന് കീഴിലുള്ള മലയാളം മിഷൻ പുറത്തിറക്കുന്ന കേരളത്തനിമയാർന്ന ഉത്പന്നങ്ങൾക്ക് 25 ശതമാനം വരെയാണ് ഡിസ്കൗണ്ട് ലഭിക്കുക.അക്ഷര സാരി, അക്ഷരമുണ്ട്, ടീഷർട്ട്, സഞ്ചികൾ, കോഫി മഗ്ഗ്, മാജിക് കപ്പ് എന്നിവ ഓഫർ കാലയളവിൽ പ്രത്യേക വിലക്കുറവിൽ ലഭിക്കും. ഒക്ടോബർ 15 മുതൽ നവംബർ 10 വരെ ഓഫർ ലഭ്യമാണ്. മലയാളം മിഷൻറെ തൈക്കാടുള്ള ഓഫീസിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ സുവനീർ ഉൽപ്പന്നങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8078920247.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com